
വരമൊഴി.com
SCRATCH
hp
Ps
2023-24
ജി.എച്ച്.എസ്.എസ്.കൊങ്ങോർപ്പിള്ളി
LITTLE KITES


little
KITEs

# ലിറ്റിൽ കൈറ്റ്സ്
# ഗവ.ഹയർ സെക്കന്ററി സ്കൂൾ
# കൊങ്ങോർപ്പിള്ളി

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : സബിത പി എ

സബ് എഡിറ്റർ : പവിത്ര കെ ദാസ്

സ്റ്റ◌ുഡന്റ് എഡിറ്റേർസ് : അതുൽ കൃഷ്ണ പി വി

അഭിനവ് എ പ്രജീഷ്

അരുണിമ പി അനി

ലിമ ട്രീസ ജെയിംസ്

അഷ്ടമി വി വിനീഷ്

എയ്ഞ്ചൽ ജോമോൻ

പ്രണവ് കൃഷ്ണ.ടി.പി

ലിന്റ് പി ദേവസി

കൈറ്റ് മിസ്ട്രസ് : സബിത പി എ

രാധിക പി പി

# എഡിറ്റർക്ക് പറയാനുള്ളത്

വിദ്യാലയങ്ങൾ അനുദിനം അനുപമമായിക്കൊണ്ടിരിക്കുന്നു.അറിവിന്റെ അനന്തസാധ്യതകൾ അനുനിമിഷം അവരുടെ മുന്നിൽ വാതായനങ്ങൾ തുറന്നിടുന്നു.പെറ്റുവീണ ശിശു പ്രപഞ്ചത്തെ നോക്കിക്കാണുന്ന വിസ്മയമാണ് അപ്പോൾ അവരുടെ കണ്ണുകളിൽ .ഇന്റർനെറ്റിന്റെയും ഇലക്ട്രോണിക്സിന്റെയും സമന്വയം ചിന്തകൾക്കുമപ്പുറത്തേയ്ക്ക് കുട്ടികളെ

എത്തിക്കുന്നു.ഇനി അവരുടെ ഊഴമാണ്.അവർ

പട്ടങ്ങളായി  പറന്നുയരട്ടെ.താഴെ നമുക്ക് അദ്ധ്യാപകർക്ക്

അവരെ നോക്കി നിൽക്കാം.സ്നേഹാക്ഷരത്താൽ

തീർത്ത നൂലുകളെ നിയന്ത്രിച്ചുകൊണ്ട്.

-സബിദ പി.എ.

# ആശംസ

വിജ്ഞാനം വിരൽത്തുമ്പിൽ

എത്തിനിൽക്കുന്ന ഈ കാലത്ത് വിവരങ്ങൾ

ഞൊടിയിടയിൽ നമ്മുടെ മുന്നിൽ

എത്തുകയാണ്.കഥകളും കവിതകളും

ഉപന്യാസങ്ങളും ലേഖനങ്ങളും

ചിത്രങ്ങളുമൊക്കെക്കൊണ്ട് സമ്പന്നമായ ഒന്നാണ്

മാഗസിൻ.ഈ ഡിജിറ്റൽ മാഗസിൻ നമ്മുടെ

കുഞ്ഞുങ്ങളുടെ ഹൃദയമാണ്.അവരുടെ പ്രതിഭകളെ

തൊട്ടുണർത്താനുള്ള ത്തുവലുകളാകട്ടെ........

ഒത്തിരി ഒത്തിരി ആശംസകളോടെ

ടി കെ രമേശ്
പ്രധാനധ്യാപകൻ

# സന്ദേശം

കൊങ്ങോർപ്പിള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന വിവരമറിഞ്ഞു. ഇലക്ട്രോണിക് മീഡിയ രംഗത്തിന് വളരെയധികം പ്രാധാന്യമുള്ള ഈ കാലത്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വളരെയധികം പ്രശംസനീയമാണ്. ഇതിനു വേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ക്ലബ് കൺവീനർമാരായ അധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

പി.ടി.എ.പ്രസിഡൻ്
ജെയിംസ് എം.എ.

# സന്ദേശം

"നിങ്ങൾ നക്ഷത്രങ്ങളെ ലക്ഷ്യമാക്കുമ്പോൾ നിങ്ങൾക്ക് നേടാൻ കഴിയുന്നത് ഒരുപക്ഷേ ചന്ദ്രനെയായിരിക്കും, എന്നാൽ മരക്കൊമ്പിനെ ലക്ഷ്യമാക്കിയാൽ നിങ്ങൾ ചെളിയിൽത്തന്നെ വീണു പോയേക്കാം."

എളുപ്പത്തിൽ നേടിയെടുക്കാവുന്ന ലക്ഷ്യങ്ങളേക്കാൾ ഉന്നം വെയ്ക്കേണ്ടത് എത്തിപ്പിടിക്കാനാവാത്ത ലക്ഷ്യങ്ങളാകണം.

"ഓരോ മനുഷ്യനിലും കുടികൊള്ളുന്ന അനന്തമായ സാധ്യതകൾ അവരുടെ ആകാശങ്ങളെ സ്പർശിക്കാനുള്ള ദാഹമായി പരിവർത്തനം ചെയ്യുമ്പോൾ മാത്രമാണ് അവർ നേട്ടങ്ങളെ കൊയ്തെടുതക്കുന്നത്. ഒരു ത ൂവൽ നഷ്ടപ്പെട്ടു എന്ന് കരുതി ഒരു പക്ഷിയും പറക്കാതിരുന്നിട്ടില്ല....

അതുപൊലെ ഒരു പരാജയമോ നഷ്ടമോ വന്നാൽ നാം ഒരിക്കലും തളരാനും പാടില്ല... പെൻസിലിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇടയ്ക്കിടക്ക് അതിന്റെ മുന ചെത്തിമിനുക്കി മൂർച്ച കൂട്ടേണ്ടി വരുന്നു.!

ചെത്തിമിനുക്കുമ്പാൾ ഉണ്ടാകുന്ന ആത്മവേദന മുഴുവൻ അതിന്റെ തന്നെ ആത്മമികവിന് കാരണമാകുന്നതു പോലെ രാഗപീഡകളോ ജീവിതപ്രതിസന്ധികളോ ഒരാളുടെ ആത്മപരിവർത്തനത്തിനും ആത്മതേജസ്സിനും ഉതകുന്ന മികച്ച ജീവിത പാഠങ്ങളത്രേ. കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത്, വിവരസാങ്കേതിക വിദ്യയിൽ മികവുറ്റവരാക്കാൻ ഉദ്ദേശിച്ചുള്ള ലിറ്റിൽ കൈറ്റ്സ് യുണിറ്റിനും ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്ന അണിയറ ശിൽപ്പികൾക്കും നന്മകൾ നേരുന്നു.

ആശംസകൾ..

രാധിക പി.പി.

# കൈറ്റ്മിസ്സ്ട്രസ്

# കണ്ണോടിക്കുമ്പോൾ

എന്റെ ഇന്ത്യ 10
ഗിഫ്റ്റഡ് ചിൽഡ്രൻ – പൊതുവിദ്യാഭ്യാസ ശാക്തീകരണ
പരിപാടി 12
കോവിഡ് അതിജീവനം 14
സായം സന്ധ്യ 16
എന്റെ വിദ്യലയം , ഒരു ഓർമ്മക്കുറിപ്പ്.... 17
നെല്ലിക്കാക്കാലം... 17
ഫ◌ുഡ്ബോൾ രാജാവിന്റെ ആത്മകഥ 21
കണ്ണാടികൾ ഉടയുമ്പോൾ 25
നിശാശില്പവിദ്യ 27
അനാഥൻ 29
മഴ 30
നിലാവേളിച്ചം 31
പഴഞ്ചൊല്ലുകൾ 32
നിശാഗന്ധി 34
മഹത് വചനങ്ങൾ 35
ഒരു പാട്ട് പിന്നെയും 37
ചാന്ദ്നി...... 38
കൊറോണ നാളിലെ ഒരു സ്വപ്നം 39
പാട്ടിന് കിട്ടിയ സമ്മാനം 44

സൗന്ദര്യ റാണി...പ്രകൃതി 47
മന്ത്രവാദിയും ചെന്നായും 48
അധ്വാനത്തിന്റെ ഫലം 50
സൗഹൃദം 51
നിഴലും വെളിച്ചവും 53
വളർത്തു നായയും ചെന്നായയും 54
സ്കൂൾ യാത്ര 55
മെസ്സിയുടെ ജീവിതകഥയിലെ ഒരു ഭാഗം 56
ഹരിത ഭംഗി 58
അബ്ദുള്ളയും സന്യാസിയും 59
മാന്ത്രിക കണ്ണാടി 61
നിശീഥിനിയുടെ ലാവണ്യം 64
യാത്രവിവരണം 65
കടങ്കഥകൾ 67
കൊച്ചു പൂവ് 69
പ്രകൃതിയുടെ മഴ 70
മഴ 71
പൂവും പൂമ്പാറ്റയും 72
പുണ്യ നാട് 73
വരയുടെ മാന്ത്രിക വിദ്യ 74
എന്റെ ഭാഷ 75
ഒരു കുടയും കുഞ്ഞിപെണ്ണുങ്ങളും 76
മസിനഗുഡി വഴി ഊട്ടിക്ക് 78
പ്രകൃതിയുടെ സൗന്ദര്യം 82

# എന്റെ ഇന്ത്യ



ഇന്ത്യ വൈവിദ്യങ്ങ
പീഠഭ്രമികൾ,ച
ദൈർഘ്യ
ദ്വീപുകൾ ിന്റെ
വൈവി

. പാമീർ പീഠഭ്ര

മധ്യേഷയിൽ ഭൂമി
അറിയപ്പെ ഷ്,
സുലൈ ം
മുതല ട്ടിൽ
നിന്നും വ
പിരിഞ്ഞ യുടെ
തുടർച്ച തനിരകൾ.

. മൗണ്ട് വറസ്റ്റ്

ലോകത്തിലെ ഏറ്റവും ഉയരമുള്ള ഈ കൊടുമുടി ഹിമാലയപർവതത്തിലാണ്. ഇത് നേപ്പാളിൽ സ്ഥിതിചെയ്യുന്നു.ഇതിന്റെ
ഉയരം **8848** മീറ്ററാണ്.

. കാൽബൈശാകി

ഉഷ്ണകാലത്ത് പശ്ചിമബംഗാളിൽ അനുഭവപ്പെടാറുള്ള ഇടിയോടു കൂടിയ ശക്തമായ മഴയാണ് കാൽബൗശാഖി. അലറുന്ന കാറ്റും ആലിപ്പഴ വീഴ്ചയും
ഇതിന്റെ സവിശേഷതകളാണ്.

. ഹിമവാന്റെ ജനനം

ഇന്ത്യൻ ഫലകവും യുറേഷ്യൻ ഫലകവും കൂട്ടിമുട്ടിയപ്പോൾ ഇവയ്ക്കിടയിൽ സ്ഥിതിചെയ്തിരുന്ന തെഥീസ് സമുദ്രത്തിന്റെ അടിത്തട്ട് സമ്മർദത്താൽ മടങ്ങി ഉയർന്നതാണ് ഹിമാലയപർവ്വതനിരകൾ രൂപപ്പെട്ടത് എന്നാണ് ശസ്ത്രജ്ഞരുടെ നിഗമനം.ഇവിടെ നിന്നു കണ്ടെത്തിയിട്ടുള്ള സമുദ്രജീവികളുടെ ഫോസിലുകൾ ഈ വാദത്തിൽ അനുകൂലമായ തെളിവുകളാണ്.

ഇന്ത്യയിലെ ഓരോ ഭൂമിശാസ്ത്ര സവിശേഷതയും വളരെ വൈവിധ്യം നിറഞ്ഞതാണ്.ഭൂപ്രകൃതി, കാലാവസ്ഥ, ജീവിഥരീതി,സംസ്കാരം,സസ്യജന്തുജാലങ്ങൾ,പ്രകൃതി വിഭവങ്ങൾ എന്നിങ്ങനെ എല്ലാ മേഖലകളിലും ഈ വൈവിധ്യങ്ങളുണ്ട്.ഈ വൈവിധ്യങ്ങളാണ് ഇന്ത്യയുടെ സമ്യതക്ക് അടിസ്ഥാനം.ഈ വൈവിധ്യങ്ങളുടെ സംരക്ഷണം നമ്മുകഠമയാണ്.

- ദിനിൽ കെ ദിനെശ്

# ഗിഫ്റ്റഡ് ചിൽഡ്രൻ – പൊതുവിദ്യാഭ്യാസ ശാക്തീകരണ പരിപാടി

പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തി വരുന്ന ഒരു ഗംഭീര പരിപാടിയാണ് ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം. യു.എസ്.എസ് സ്കോളർഷിപ്പിൽ ഉയർന്ന മാർക്ക് വാങ്ങുന്ന കുുട്ടികളെയാണ് ഈ പരിപാടിയിലേക്ക് തിരഞ്ഞെടുക്കുക. തികച്ചും സൗജന്യമായി നടത്തുന്ന ഈ പരിപാടിയിലൂടെ കുുട്ടികൾക്ക് പരമാവധി അറിവു-പകരുക എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്. പല മേഖലകളിലും പ്രഗത്ഭരായവർ ആയിരിക്കും ക്ലാസ്സുകൾ നയിക്കുക.

വർഷത്തിൽ ഒരിക്കൽ 'ജില്ലാ പ്രതിഭാ സംഗമം 'നടത്തുന്നു.എറണാകുളം ജില്ലയിലെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലേയും ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാമിൽ ഉൾപ്പെട്ട കുുട്ടികൾ ഒത്തുചേരുന്ന ആ2 ദിവസം വിവിധ ക്ലാസ്സുകളും പ്രവർത്തനങ്ങളും ഉണ്ടാകും. ജില്ലാ തലത്തിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കുന്ന 4 കുുട്ടികൾ സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നു. ഓരോ വിദ്യാഭ്യാസ ജില്ല പ്രതിനിധികരിച്ചായിരിക്കും ഇവർ പോവുക.

2023-24 വർഷത്തെ സംസ്ഥാന പ്രതിഭാ സംഗമത്തിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. ജനുവരി 16,17,18,19 തിയതികളിലായിരുന്നു

പരുപാടി. പാലക്കാട് ജില്ലയിലെ വച്ചനടന്ന പ്രതിഭാ സംഗമത്തിൽ 56 കുട്ടികൾ പങ്കെടുത്തു.

രസകരമായ ക്ലാസ്സുകളും യാത്രകളും ഒക്കെയായി.ഈ നാലു ദിവസം അടിച്ചു പൊളിച്ചു .ആദ്യ ദിവസത്തെ അദ്യ ക്ലാസ്സ് നാടൻ പാട്ടായിരുന്നു.പാട്ടുകൾക്ക് മനസ്സുകളെ കൂട്ടിയോജിപ്പിക്കാനുള്ള കഴിവുണ്ടെന്നു പറയുന്നത് എത്ര ശരിയാണ് .അവസാനമായപ്പോഴേക്കും എല്ലാവരും താളത്തിൽ നൃത്തം ചെയ്തു.അങ്ങനെ ഒരു നല്ല തുടക്കത്തോടെയാണ് ഈ ക്യാമ്പ് ആരംഭിച്ചത്.പിന്നീട് ഒരു ഗണിത ക്ലാസ്സായിരുന്നു.കംപ്യൂട്ടറിനു പിന്നിലെ രസകരമായ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഞങ്ങൾക്ക് പറഞ്ഞുതന്നത്.പിന്നീട് IRTC സ്ഥാപനത്തേയും അവിടത്തെ പ്രവർത്തനങ്ങളേയും മനസ്സിലാക്കാനുള്ള അവസരം ലഭിച്ചു .ഞങ്ങളെ 6 ഗ്രൂപ്പുകളാക്കി തിരിച്ചായിരുന്നു പിന്നീടുള്ള പ്രവർത്തനങ്ങളെല്ലാം.4ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല ക്ലാസ്സുകൾ. പാലക്കാട് കോട്ട, IITപാലക്കാട്, ഒ വി വിജയൻ സ്മാരകം, കേരള മ്യൂസിയം എന്നിവിടങ്ങളിലെല്ലാം പോയി.മൂന്നാം ദിവസം പാലക്കാട് ജില്ലയിലെ പ്രധാന ആകർഷണമായ സൈലന്റ് വാലിയായിരുന്നു.കൂട്ടുകാരുടെ കൂടെ കാടിന്റെ ഹൃദയം തേടി പോകുന്ന പോലെ...4മണിക്കൂറോളം ഞങ്ങൾ അവിടെ ചിലവഴിച്ചു.പിന്നീട് സൈലന്റ് വാലിയുടെ

പ്രത്യേകതയെക്കുറിച്ച്  മനസ്സിലാക്കാൻ ഒരു ക്ലാസ്സും ഉണ്ടായിരുന്നു.അങ്ങനെ മൂന്നാം ദിവസം അവസാനിച്ചു.നാലാം ദിവസം IISER-ലെ ഒരു പ്രൊഫസറാണ് ക്ലാസ്സ് നയിച്ചത്.ഉച്ചകഴിഞ്ഞ് സമാപന ചടങ്ങായിരുന്നു.പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും മൊമെന്റോയും നൽകി.




എന്നും മനസ്സിൽ സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന 4ദിവസങ്ങൾ...ഇവ എനിക്ക് സമ്മാനിച്ച അനുഭവങ്ങൾ ഒരിക്കലും മറക്കാനാവാത്തതാണ്.

-ജോസഫ് അൽവിസ്

ഷിജൻ



**X B**

## കോവിഡ് അതിജീവനം

ശാന്തതയും സമാധാനവും തിങ്ങിനിറഞ്ഞ മന...ിൽ ആശങ്കകളുടെയും ഭീ...യുടെയും മരണ... നിഴൽ വിതച്ചുകൊണ്ട് 2019-ൽ പേടി... കൊറോണ ഭൂമിയിൽ വന്നു...

ഒരു നൂറ്റാണ്ടി... ...കൾ... നിമിഷനേരം  കൊണ്ട് ...വിത... ...റ്റി മറിച്ച്,പുറം ലോകവുമായ... ...ല്ലാത്ത വീടിന്റെ ഉള്ളിൽ ഒതുങ്ങാൻ നിർബന്ധമായ... നഷ്ടപ്പെട്ട്,സൗഹൃതം നഷ്ടപ്പെട്ട്,സ...

നഷ്ടപ്പെട്ട് ജീവിതം ഇനി എന്ത് എന്ന് മനുഷ്യ ജനത ചിന്തിച്ച നിന്ന ആ നാളുകൾ ഇന്നും ആ കാലത്തേക്ക് ഒന്ന് തിരിഞ്ഞ് നോക്കിയാൽ ഒരു പേടി സ്വപ്നമായി നിലകൊള്ളുന്നു.

കൊറോണകാലം നമ്മെ വല്ലാതെ തളർത്തി എങ്കിലും ആ നാളുകളിൽ നാം കുറേ മാനുഷീക മൂല്യങ്ങൾ കൈവരിച്ചു.വളരെ അധികം ബുദ്ധിമുട്ടുകൾ നാം അനുഭവിച്ചു എങ്കിലും കൊറോണ നമ്മെ ഒത്തിരി കാര്യങ്ങൾ പഠിപ്പിച്ചു.ഒന്നിച്ചു നിൽക്കാൻ ഒറ്റക്കെട്ടായി നിന്ന് പൊരുതാൻ നമ്മെ പ്രാപ്തരാക്കി.മഹാമാരിക്കു മുന്നിൽ പതറാതെ ഉറച്ച മനസ്സോടെ ഒറ്റക്കെട്ടായി നിന്ന് കൊറോണയെ അതിജീവിച്ച കേരള ജനകയുടെ അതിജീവനപാത ലോകരാഷ്ട്ങ്ങക്കുമുന്നിൽ ശ്രദ്ധ നേടി.

തോൽക്കാൻ ഞങ്ങൾക്ക് മനസില്ല എന്ന തീരുമാനവുമായി രാവെന്നോ പകലെന്നോ ഇല്ലാതെ തങ്ങളുടെ ജീവൻ പോലും മറന്നുകൊണ്ട് മറ്റുള്ളവരുടെ ജീവനുവേണ്ടി അഹോരാത്രം പ്രയത്നിച്ച അക്കാലത്തെ മാലാഖമാരായി മാറിയ ആരോഗ്യപ്രവർത്തകർ ഇല്ലായിരുന്നുവെങ്കിൽ നാം ആ മഹാമാരിയെ മറികിടക്കില്ലായിരുന്നു.അവർ നമുക്ക് രക്ഷരായി നിലകൊള്ളുന്നു.

ഇന്നേവരെ കുറേ നാളുകളായി മനുഷ്യ ജനത അനുഭവിക്കാത്ത ജീവിതസാഹചര്യങ്ങളിലൂടെ നാം ഓരോരുത്തരും മഹാമാരിക്കാലത്തിൽ കടന്നുപോയി

.നേരിട്ട കാണാതെ ഫോണിൽക്കൂടെ മാത്രം മുന്നോട്ട കൊണ്ടുപോയ ബന്ധങ്ങൾ പ്രിയപ്പെട്ടവരിൽ നിന്നും പിരിഞ്ഞിരിക്കേണ്ടി വന്ന അവസ്ഥകൾ അങ്ങനെ പലതും നാം അനുഭവിച്ച.പലർക്കും തങ്ങളുടെ പ്രിയപ്പെട്ട- വരെ നഷ്ടപ്പെട്ട വേദനകൾ അങ്ങനെ മുന്നോട്ടുള്ള നാളുകൾ എങ്ങനെ എന്ന് ഓർത്ത് തള്ളി നീക്കിയ വേനൽക്കാലം.

ആ മഹാമാരിയെ നാം ഒറ്റക്കെട്ടായി നിന്ന് അതിജീവിച്ചിട്ട് ഏകദേശൺ 2 വർഷത്തോട് അടുക്കുന്നു. പതുക്കെ നാം എല്ലാം സാധാരണ ജീവിതത്തിലേക്ക് തിരികെയെത്തിയിരിക്കുന്നു.മാസ്കും സാനിറ്റൈസറും ഇല്ലാതെ പുറത്തിറങ്ങാൻ കഴിയുന്ന ആ കാലം നാം വീണ്ടും വീണ്ടെടുത്തിരിക്കുന്ന.എത്രയൊക്കെ നാൾ പിന്നിട്ടാലും പിന്നിലേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ ഭയത്തിന്റെ ദുഃഖങ്ങളുടെ അതിജീവനത്തിന്റെ ഒരു ബാക്കിപത്രമായി കൊറോണക്കാലം ഓരോ വ്യക്തിയുടെയും മനസ്സിൽ മായാതെ കിടക്കുന്നു.

-പവിത്ര കെ ദാസ്സ്

# സായം സന്ധ്യ



**-എയ്ഞ്ചൽ ജോമോൻ**

# എന്റെ വിദ്യലയം , ഒരു ഓർമ്മക്കുറിപ്പ്....

## നെല്ലിക്കാക്കാലം...

ബാല്യങ്ങളിൽ പാട്ട് പാടുന്ന, ഇളകിയാടുന്ന എന്റെ കൊങ്ങോർപ്പിള്ളി സർക്കാർ സ്കൂളിന്റെ ആടുന്ന ബെഞ്ചിൽ ഇരുന്നു, ഞാനും, കുഞ്ഞാമിനയും, സുഷമയും,ജോളിയും ചൊല്ലിയാടിയിരുന്നത്," പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി..."
ആട്ടത്തിന്റെ ആ ലഹരി മുറുകുമ്പോഴേക്കും. ദാ, ബെഞ്ചിന്റെ കാൽ ഊരി ... "ട്ടപ്പേ"..ഒരു വശത്തേക്ക് എല്ലാരും ചരിഞ്ഞു വീഴും.ചൂരല്വമായി വരുന്ന കുഞ്ഞുകുഞ്ഞു സാർ വടി മേശപ്പുറത്തു രണ്ടടി അടിച്ചു ശാസിക്കും, ബെഞ്ചിലിരുന്നാണോ സർക്കസ്,! വേഗം എണീറ്റു ബെഞ്ചിന്റെ കാൽ നേരെ വച്ചു ഇളകിയാടാതെ, ഇരിക്ക് പിള്ളേരെ.. "

സ്കൂൾ മുറ്റത്തെ ചെത്തിയും, ചെമ്പരത്തിയും ചിരിച്ചു നിൽക്കു ന്നുണ്ടാവും, പാടക്കര യിൽ നിന്നുള്ള ഇളം. കാറ്റിൽ..സ്കൂളിന്റെ നടുമുറ്റത്തെ കിണറിൽ നിറയെ തെളിവെള്ളം.. ഇന്റർവെൽ സമയത്തു കിണറിന് ചുറ്റും തിരക്കാണ്. കിണറിൽ നിന്ന് ബക്കറ്റിൽ കോരിയെടുക്കുന്ന വെള്ളം ഓരോരുത്തർ ആയി മൊത്തിക്കുടിക്കും. വെള്ളം കോരി വലിച്ചു പൊക്കിയെടുക്കുന്നത് ക്ലാസ്സിലെ ബലവാന്മാർ എന്ന് അഹങ്കരിച്ചിരുന്ന ആൺകുട്ടികൾ. ഇടക്ക് അവരെ

തോൽപ്പിക്കാനെന്നോണം, ലൈലയും,ആമിനയും റാണിയുമൊക്കെക്കൂടി ഒന്നിച്ചൊന്നു വലിച്ചു നോക്കി. പാതി മുക്കാൽ നിറഞ്ഞ ബക്കറ്റ് പകുതി വരെ ഉയർന്നു ദാ താഴേക്ക്..ഭാഗ്യം കയറിന്റെ തുമ്പു വിട്ടില്ല
ആരോ ഒക്കെ കൂടി പൊന്തിച്ചെടുത്തു.

കണക്ക് പഠിപ്പിച്ചിരുന്ന കൃഷ്ണൻ സാർ,സോഷ്യൽ സയൻസ് ശിവാനന്ദൻ സാർ, ഇംഗ്ലീഷ് മെൻന്ത്തീസ് സാർ, അബു ബേക്കർ സാർ, സൗദാമിനി ടീച്ചർ, അവർക്കിടയിൽ ഇന്ദിരഗാന്ധി മോഡൽ തലയെടുപ്പുമായി നീളൻ മൂക്കും വിടർന്ന നെറ്റിയുമായി കണ്ണട വച്ച് നടന്നിരുന്ന പാലാക്കാരി അന്നമ്മടീച്ചർ, എന്റെ അമ്മ!എന്തൊരു കാലമായിരുന്നു, എന്റെ ബാല്യം!

നട്ടുച്ചക്ക്, പാത്രങ്ങളുമായി സ്കൂൾ വരാന്തയിൽ കുട്ടികൾ നിരന്നിരിക്കും.ചൂട് ഉപ്പുമാവും, ചൂട് പാലും. തൊട്ടു ചേർന്ന ചാർത്തിലെ പാചകശാലയിൽ നിന്നും കുഞ്ഞിപ്പെണ്ണും,വൃശിച്ചേടത്തിയുമൊക്കെ വച്ചുണ്ടാക്കുന്ന ഉച്ചഭക്ഷണം അന്നമ്മടീച്ചറുടെ മേൽ നോട്ടത്തിൽ വിളമ്പും..ഇടക്ക് പോയിരുന്നു കഴിക്കാൻ കൊതി തോന്നിയിരുന്നു. പക്ഷേ ഉപ്പുമാവ് എണ്ണപ്പെട്ട കുട്ടികൾക്കുള്ളതാണ്.അതിന്റെ കൊതിയൂറുന്ന മണംമനസ്സിലൊതുക്കി, മനസില്ലാ മനസ്സോടെ തൊട്ടടുത്തുള്ള വീട്ടിൽ പോയി ഭക്ഷണം കഴിച്ചിട്ട് വരും .

അവിടെ മോരുകാച്ചിയതൊ, തലേന്നത്തെ കാളൻ കറിയോ,ഒരു കഷണം മീൻ വറുത്തതോ, പറമ്പിലെ അച്ചിങ്ങ പറിച്ച ഉലർത്തിയതോ ഉണ്ടാവും.
അത് കഴിച്ച തീരും മുൻപേ വീട്ടിലെ കിണറിനു ചുറ്റം കലപില കേൾക്കാം. സ്കൂളിലെ കിണറ്റുകരയിൽ തിരക്കായതുകൊണ്ട് കുട്ടികൾ കൈകഴുകാനും, വെള്ളം കുടിക്കാനും വരുന്നതാണ്.

ചില ദിവസങ്ങളിൽ മൂന്നു നാല് കുട്ടികളെ കൂട്ടി അന്നമ്മ ടീച്ചർ ഉച്ചക്കെത്തും. സ്കൂളിലെ ഉച്ചഭക്ഷണം തികയാഞ്ഞു, അത് കിട്ടാത്ത കുട്ടികളുമായി, ഞങ്ങളുടെ ഭക്ഷണം പങ്കുവെക്കും.
വീട്ടിലെ നെല്ലിക്ക മരത്തിൽ നിന്നും ടിപി മേരി പറിച്ച കൊണ്ടുവന്നിരുന്ന നെല്ലിക്ക ചവച്ച വെള്ളിയാഴ്ചകളിൽ (അന്ന് ഒരു നീണ്ട ഇടവേളയുണ്ട് ഓത്തിനു പോവുന്നവർക്ക്, പിന്നെ ആഴ്ച്ചയിൽ മുടങ്ങാതെയുള്ള ക്ലാസ്സ് മീറ്റിംഗിന് ) ഉച്ചക്ക് പാടവരമ്പിലൂടെ പൂപറിക്കാൻ ഒരു ഓട്ടമുണ്ട്,കൂട്ടു ചേർന്ന് അവിടെ ഓരത്തു ഒറ്റപ്പെട്ടു കിടന്നിരുന്ന ഫിലോയുടെ അമ്മവീട്ടിൽ ഒരു ഭ്രാന്തി ഉണ്ടത്രെ. അത് പ്രേതഭവനം ആണത്രെ.പക്ഷേ മുറ്റം നിറയെ പൂക്കളാണ്. പച്ചപ്പ് നിറഞ്ഞ തൊടിയിൽ
നിശബ്ദത! പേടിയോടെ കയറി പൂപറിക്കും .ഒരിക്കൽ ധൈര്യം സംഭരിച്ച വീടിന്റെ പിന്നിലെ മുറിയിൽ

എത്തിനോക്കി. ഒരു ചെറു മുരടനക്കം!ഉൾക്കിടിലത്തോടെകണ്ടു..ആ ഇരുട്ടിൽ ജനലഴിക്കരികിൽ...ഒരു വെളുത്ത കൈ ജനലഴിയിൽ മുറുകെ പിടിച്ചിരിക്കുന്നു. മുഖം ഇരുട്ടിൽ അവ്യക്തം! ഒന്നേ നോക്കിയുള്ളൂ.. ജീവനും കൊണ്ടോടി.എങ്ങനെയോ തിരിച്ച് സ്കൂളിൽ എത്തിയതോർക്കുന്നു.

പിന്നീട് രാത്രികളിൽ ഞെട്ടി എണീറ്റു കരഞ്ഞിരുന്നത്, (ഇടക്ക് മൂത്രമൊഴിച്ച് പോകും) ഓർക്കുന്നു. അത് തുടർന്നപ്പോൾ ചോദ്യങ്ങളായി.പേടിപ്പിച്ച അക്കാഴ്ച പറഞ്ഞു.അത് പ്രേതം ഒന്നുമല്ല, തലയ്ക്ക് സ്ഥിരമില്ലാത്ത ഏതോ അമ്മയെ അവിടെ താമസിപ്പിച്ചിരിക്കുന്ന താണ്. വിശ്വാസമായില്ല...അല്ല, പ്രേതം തന്നെ.മനസ്സ് ഉരുവിട്ടു...ആ ഞടുക്കം ഇന്നും എന്റെ സ്വപ്നങ്ങളെ വേട്ടയാടാറുണ്ട്..

എത്രയോ ഓർമ്മകൾ.!

ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഏതാണ്ട് ഒരു മാസം അസുഖസംബന്ധമായി സ്കൂളിൽ പോകാൻ കഴിയാഞ്ഞത്.പിന്നീട് ക്ലാസ്സിൽ കുറച്ച് ബുദ്ധിമുട്ടി. ക്ലാസ്സ് ടീച്ചർ തോമസ് സാർ, ചെറുതരം തിരിവിന്റെ ആളാണ്,കുറച്ച് കുട്ടികളെ ബുദ്ധിമാന്മാർ, മറ്റുള്ളവർ താഴെ എന്ന കാഴ്ചപ്പാടുള്ളയാൾ.കുറച്ചു ആയാസകരമായിരുന്നു ആനാളുകൾ. ക്ലാസ്സിലെ കൃഷ്ണകുമാറും, റാണിയുമൊക്കെ എന്നും മുൻപന്തിയിൽ..താനോ?കരഞ്ഞു തളർന്ന

എന്നെ എന്റെ അമ്മച്ചി, ആ അന്നമ്മ ടീച്ചർ സമാധാനിപ്പിച്ചതോർക്കുന്നു, " എന്റെ കൊച്ച് അതൊന്നും കണക്കാക്കണ്ട. നീ മിടുക്കിയാവും." കണ്ണ് നിറയുന്നു...

ഒന്നോർത്താൽ ഇന്നത്തെ സ്കൂളുകൾ, എത്രയോ വ്യത്യസ്തം. അസുഖമായി ക്ലാസ്സ് മുടങ്ങിയ കൊച്ചുമോനെ കാണാൻ അവന്റെ ജോളി മാം വീട്ടിൽ എത്തുന്നു. പിന്നെ അവൻ മുടങ്ങിയ മാസങ്ങളിലെ ക്ലാസുകൾ അവനു പറഞ്ഞു കൊടുത്തു ധൈര്യം നൽകി, മറ്റുള്ളവരോടും ശ്രദ്ധിക്കാൻ പറഞ്ഞു...എപ്പോഴും പഴമയിലെ നന്മകൾ മാത്രം വാഴ്ത്തിപ്പാടി, ഇന്നിന്റെ നന്മകൾ കാണാതെ പോവുന്നു നാം..

എങ്കിലും, 'തീപ്പൊരി' എന്ന് കളിയാക്കി വിളിച്ചിരുന്ന, എന്റെ കൂട്ടുകാരി ടിപി മേരി തന്ന ആ നെല്ലിക്ക പോലെ, മധുരവും, ചവർപ്പും തന്ന ആ ബാല്യകാലങ്ങൾ!അത് കടിച്ചുചവച്ച് ഊർന്നു വീഴുന്ന മധുര ഓർമ്മകളുമായി ശിഷ്ട കാലം.....!!

ഡോ.മോളി,

ഇംഗ്ലീഷ് വിഭാഗം മേധാവി

സെന്റ് സേവിയേഴ്സ് കോളേജ്,ആലുവ

# ഫ◌ുഡ്ബോൾ രാജാവിന്റെ ആത്മകഥ

1986 ജ◌ുൺ 24 അർജന്റീനയിൽ റൊസരിയോ എന്ന സ്ഥലത്ത് ലയണൽ മെസ്സീ എന്ന് പേരുള്ള ഒരു ബാലൻ ജനിക്കുകയാണ്.അന്ന് ഈ ലോകത്തിന് മനസ്സിലായില്ല വര്ം കാലങ്ങളിൽ ആ ബാലനായിരിക്കും ഫുഡ്ബോൾ ലോകം ഭരിക്കാൻ പോവുന്നത് എന്ന്.അങ്ങനെ മെസ്സിയുടെ 16◌ാം വയസ്സിൽ ലോക പ്രഷസ്ഥമായ എഫ്.സി.ബാർസലോണ ടീമിൽ മെസ്സിനെ ടീമിൽച്ചേരാൻ വിളിക്കുകയാണ് പക്ഷെ മെസ്സീക്ക് ഒരു  അസുഖമുണ്ടായിരുന്നു എന്നാൽ ആ വേദന വകവക്കാതെ മുന്നേറണം എന്ന ലക്ഷ്യത്തിൽ ആ ബാലൻ തിരിച്ചു.അങ്ങനെ മെസ്സി 16◌ാം വയസ്സിൽ എഫ്.സി.ബാർസലോണയിൽ ചേരുകയാണ്.അങ്ങനെ മെസ്സി ആദ്യത്തെ കളിക്ക് ഇറങ്ങി.അങ്ങനെ നിമിഷങ്ങൾക്ക് ശേഷം മെസ്സി ആദ്യ ഗോൾ അടിച്ചു ആ ഗോളിന് അസ്സിസ്റ്റ് നൽകിയത്ത് ലോക പ്രശസ്ഥ ബ്രസീലിയൻ താരം റോണാൾഡീനോ



ആയിരുന്നു.അങ്ങനെ മെസ്സി ലാലാലിഗയിൽ ഗോളുകൾ അടിച്ചു ക്ൂട്ടികൊണ്ട് ഇരുന്നു അതിനുപുറമെ ലാലാലിഗയിൽ ബെസ്റ്റ് ട്രിബ്ള്ളർ ആയിരുന്നു.മെസ്സി അങ്ങനെ ലാലാലിഗയിലെ കമൻട്രി മെസ്സിയെ അൻഗ്രാ മെസ്സി എന്ന വിളിപേര് ഇട്ട് വിളിച്ചു.അങ്ങനെ 2012ൽ സീസണിൽ 92 ഗോളുകൾ അടിച്ച് മെസ്സി ആദ്യത്തെ ബാലന്റോർ സ്വന്തമാക്കി.പിന്നെ അങ്ങോട് ഫുട്ബോൾ ലോകം കണ്ടത് മെസ്സി എന്ന ഗോട്ടിനേയായിരുന്നു.ഫുഡ്ബോളിൽ ഇന്നെവരെ ആർക്കും എത്തിച്ചേരാൻ പറ്റാത്ത സ്ഥാനത്ത് മെസ്സി എത്തിയിരുന്നു.പിന്നെ സ്വന്തം രാജ്യത്തിന് കളിക്കുന്നില്ല എന്ന് ആരാധകരുടെ വിമർശനങ്ങൾ കേട്ട് ,മെസ്സി അർജന്റീനക്ക് വേണ്ടി പന്ത് തട്ടി അങ്ങനെ 2014ൽ ലോകകപ്പ് ഫൈനലിൽ ജെർമെന്നിയായിട്ട് 1-0ത്തിന് തോറ്റു പിന്നെ 2018ൽ ലോകകപ്പ് ക്വാളിഫയർ സ്റ്റേജിൽ നിന്ന് പുറത്തായി.എന്നാൽ വിധിയുടെ ചങ്ങല മുറിച്ച് 2021ൽ കോപ്പ അമേരിക്ക ഫൈനൽ ശക്തരായ ബ്രസീലാണ് എതിരാളികൾ പക്ഷെ തോറ്റു കൊടുക്കാൻ അർജന്റീന തയാറായിരുന്നില്ല.അങ്ങനെ മെസ്സിയും അർജന്റീനയും കോപ്പ അമേരിക്ക കിരീടം സ്വന്തമാക്കുന്നു.പിന്നെ ഫ്ുഡ്ബോൾ ലോകം കണ്ടത് മെസ്സി എന്ന ഇതിഹാസത്തിന്റെ മാന്ത്രികത ആയിരുന്നു.

അങ്ങനെ 2022 ലോകകപ്പ് വന്നെത്തി അർജന്റീനയുടെ ആദ്യ കളി സൗധി

അറെബ്യയായിട്ടായിരുന്നു എന്നാൽ



നിർഭാഗ്യമെന്നുപറയട്ടെ ആ കളി സൗധി അറെബ്യയാണ് ജേയിച്ചത്. ആ കളി കഴിഞ്ഞേപിന്നെ മെസ്സിയെ നിരവധി

ആരാധകർ കളിയാക്കി എന്നാൽ തോറ്റു കൊടുക്കാൻ മെസ്സി അർജന്റീനയും തയ്യാറായിരുന്നില്ല. അങ്ങനെ



ബാക്കിയുള്ള എല്ലാ കളികളും ജയിച്ച് മെസ്സിയും അർജന്റീനയും ഫൈനലിൽ കയറുന്നു. ബാക്കിയുള്ള എല്ലാ കളികളിലും അർജന്റീനയ്ക്കുവേണ്ടി മെസ്സി വല കുലുക്കിയിരുന്നു അങ്ങനെ ലോകകപ്പിന്റ അവസാന ദിനം വന്നെത്തി ആ ദിനത്തിൽ അർജന്റീനയ്ക്ക് ഫൈനലിൽ നേരിടാൻ ഉള്ളത് മ്ബാപ്പേയും ഗ്രൗട്മോക്കേയുള്ള

കരുത്തരായ ഫ്രാൺസിനെ ആയിരുന്നു. എന്നാൽ വിട്ടുകൊടുക്കാൻ ഇരു ടീമികളും തയ്യാറായിരുന്നില്ല. അങ്ങനെ ആദ്യ പകുതി തുടങ്ങി നിമിഷങ്ങൾക്കുശേഷം മെസ്സി അർജന്റീനയ്ക്കുവേണ്ടി വല കുലുക്കുന്നു, പിന്നെ മാക്ക് അലിസ്റ്ററിന്റെ പാസ്സ് വഴി എയിൻജൽ ഡീമരിയ അർജന്റീനയ്ക്കുവേണ്ടി വല കുലുക്കുന്നു.അങ്ങനെ ആദ്യ പകുതി അർജന്റീന-2 ഫ്രാൺസ്-0. അങ്ങനെ രണ്ടാം പകുതി ആരംഭിച്ചു നിമിഷങ്ങൾക്കുശേഷം ഹാട്രിക്കടിച്ച് മ്ബാപ്പേ ഫ്രാൺസിനെ മുന്നിലെത്തിക്കുന്നു. പിന്നെ മെസ്സി വീണ്ടും മെസ്സി അർജന്റീനയ്ക്കുവേണ്ടി വല കുലുക്കി. അങ്ങനെ രണ്ടാം പകുതിയും അവസാനിചപ്പോൾ അർജന്റീന-3 ഫ്രാൺസ്-3.പിന്നെ ഇൻജ്യുറി ടൈം ആരംഭിച്ചു. ഇൻജ്യുറി ടൈമിൽ ഫ്രാൺസിന് ഗോൾ നല്ലോരവസരം കിട്ടിയിരുന്നു എന്നാൽ അവിടെ അർജന്റീനയുടെ കാവൽമാലാകയായി എമിലിയാനോ മാർട്ടീനസ് അവതരിച്ചു. അങ്ങനെ ഇൻജ്യുറി ടൈമും കഴിഞ്ഞു.ഇനി ഇരു ടീമുകളുടെയും മുന്നിലുള്ളത് പേനാൾട്ടി ഷൂട്ടൗട്ട്. ആ ഷൂട്ടൗട്ടിൽ അർജന്റീനയുടെ രക്ഷകനായ എമിലിയാനോ മാർട്ടീനസ് വൂണ്ടും അവതരിച്ചു. അങ്ങനെ എമിലിയാനോ മാർട്ടീനസ് പേനാൾട്ടി ഷൂട്ടൗട്ടിൽ 2 പേനാൾട്ടി സേവ് ചെയ്ത് അർജന്റീനയേയും ലോക ചാംമ്പ്യൻമാരാക്കി.അങ്ങനെ മെഡൽ സേർമണിയിൽ എമിലിയാനോ മാർട്ടീനസ്

ഗോൾഡൻ ഗ്ലോവ് എറ്റുവാങ്ങി.അങ്ങനെ
നിമിഷങ്ങൾക്കകം അവസാനം
അർജന്റീനയ്ക്കുവേണ്ടി മെസ്സി ലോകകപ്പ് ഉസർത്തി
.ആ ഒരു നിമിഷം അർജന്റീന ആരാധകർക്ക് ഒരിക്കിലും
മറക്കാൻ പറ്റാത്ത നിമിഷമാണ്. അങ്ങനെ ലോകകപ്പ്
കഴിഞ്ഞു. ഇപ്പോൾ മെസ്സി യു.എസ്.മേജർ ലീഗ് ക്ലബ്
ഇന്റർമിയാമിക്കുവേണ്ടി പന്ത് തട്ടുന്നു. അങ്ങനെ
യു.എസ്.മേജർ ലീഗ് ക്ലബ് ഇന്റർമിയാമിക്ക് മെസ്സി
ലീഗസ് കപ്പ് സ്വന്തമാക്കി കൊട്ടുത്തു അതുപോലെ തന്നെ
ലീഗിൽ 10 ഗോൾ അടിച്ച് മെസ്സി ഗോൾഡൻ ബൂട്ടും
എറ്റുവാങ്ങി. പിന്നെ ഇന്റർമിയാമിയെ മെസ്സി
ഫൈനലിൽ എത്തിച്ചു. പിന്നെ അർജന്റീനയും
എക്കഡോറും തമ്മിൽ രാവിലെ കളിയുണ്ടായിരുന്നു. ആ
കളിയിൽ അവസാന നിമിഷത്തിൽ മെസ്സി ഒരു
സുന്ദരമായ ഒരു ഫ്രികിക്ക് ഗോൾ നേടി . ആ
ഗോളിലാണ് എക്കഡോറിനേതിരെ അർജന്റീന
ജേയിച്ചത്. സത്യം പറഞ്ഞാൽ ആയാളെ നമ്മുക്ക്
മറക്കാൻ കഴിയില്ല.
പറഞ്ഞുവരുമ്പോൾ ഞാനും ഒരു കടുത്ത മെസ്സി
ആരാധകനാണ്.

-ആദിത്യൻ എൻ എച്ച്

# കണ്ണാടികൾ ഉടയുമ്പോൾ

മ◌ുറിക്കുള്ളിൽ  കുഞ്ഞുപുഴ ഇഴയുന്നതു പോലെ

ചിറകുകളറ്റ ശലഭത്തെപ്പോലെ ഞാനിഴയുന്നു

ജീവിതം നൽകിയ ഉൾക്കട ത്താൽ

മനം തിങ്ങി നിറിട്ടും

പല പറിച്ച നടീലുക

വേദനയേല്പിച്ച മു

കാലമിത്ര ക

അദ്യപ്ര

കഴിഞ്ഞു പോ

അണിഞ്ഞു നി

മകൾ, കൊച്ചുമക

കാമുകി , ഭാര്യ, മരു

തുടങ്ങി വേലക്കാരിയു

വേഷങ്ങൾ ഓരോന്നും അണി

കാലത്തേക്കാൾ വേഗത്തിൽ ച്ചപ്പോഴും



അണിഞ്ഞ വേഷങ്ങളിൽ തൃപ്തിയടഞ്ഞവരാരും

രോഗശയ്യയിൽ കൂട്ടിനില്ലാതായപ്പോൾ തിരിച്ചറിഞ്ഞു

ഒരു വേഷം മാത്രം അണിയാൻ മറന്നു

അത് എനിക്ക് വേണ്ടി ഞാൻ തന്നെ

അണിയേണ്ട വേഷമായിരുന്നു

മെലിഞ്ഞൊട്ടി ഇനി ഒരു വേഷവും

അണിയാൻ പറ്റാത്ത ഉടലിനെ

ഇന്ന് കണ്ണാടിയിൽ കാണും നേരം

ഉടഞ്ഞ ആ ചില്ലുകണ്ണാടി പോലെ


എൻ ദേഹവും ,അല്ല മുഖം പോലും

ഉടഞ്ഞിരിക്കുന്നു.....പഴയപടിയാക്കനാവാതെ....

ഒരു പുഞ്ചിരി പോലും വിരിയിക്കാനാവാതെ.........

-നീനു ക്ലീറ്റസ്സ്

# നിശാശില്പവിദ്യ



രാത്രിതൻ നിഴൽവളപ്പിൽ
ഏകാന്ത സംഗിതനിഴല
ആളിക്കത്തും പരമദീപ
നിന്നരികിൽ നിൽക്കു
ശില്പിയെ നീയനുഗ്രഹിക്കു

വഴിവിളക്കിൻ വെട്ടവുമായ്
വെള്ളിത്താലവുമായ് അലയും
ശില്പി തൻ ശില്പവിദ്യഅന്നെൻ
ചുവരിൽ നീ പണിതു വച്ചു

ഇന്നീ നിഴൽ താണ്ടി
വെട്ടത്തിൻ വെൺശോഭയുമായ്
പരന്നു കിടക്കും വെളിച്ചം ഈ
ശില്പിയെ നീ കാട്ടിക്കൊടുക്കു, നീയാം

അനുഗ്രഹം അവനിൽ ചൊരിയൂ

പക്ഷികൾ മീട്ടും സംഗിതത്തിൻ മറവിൽ
ഗാനലോലനായ് തൻശില്പവിദ്യയെ കാത്തി-
രിക്കും ശില്പി എൻ മതിലിൽ
കൊത്തിവയ്ക്കും ശില്പം കാണുവാൻ, മോഹമേ ഉണരൂ

താണ്ടും ദൂരം വിദ്യയായ് മാറുമ്പോൾ
വിലോല ഹൃദയം ശില്പമായ് മാറിടുമ്പോൾ
വിരിയും എൻ ചുവരിൽ ഒരു
വർണ്ണമനോഹരസങ്കല്പ ശില്പം

-ദേവിക. എം എസ്

# അനാഥൻ

തെരുവിൽ ആരോ ബാക്കി വെച്ച രതി ജനിക്കുന്നതിനു

മുൻമ്പ് അവളുടെ ഉദരത്തിൽ വളർന്നവൻ ജന്മശാപമോ

രതിയുടെ താളപ്പിഴയോ ഇവനെ തെരുവിന്റെ

പുത്രനാക്കിയത്.

വളരാൻ അനന്തമായ ആകാശവും ഉറങ്ങൻ

പീടിക തിണ്ണകളും കളി കൂട്ടുകാരായി തെരുവു

നായിക്കളും,വിശപ്പ് കണ്ണിൽ ഇരുട്ട് പരത്തുമ്പോൾ

നാണയ തുട്ടിനായി കൈ നീട്ടി ചെന്നപ്പോൾ തള്ളി മാറ്റി

നടന്നകന്നവരെ നോക്കി ഒരുമാത്ര  അവൻ

ചിന്തിച്ചുപ്പോയി.തനിക്കീ പാഴ്ജന്മം നൽകിയത്

ഇവരിൽ ആരെങ്കിലുമാകാമെന്ന്.

-സായന്ത് ചന്ദ്രൻ

# മഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ
ഒടുവിലായി മാരി പെയ്തു
ഇടതടവില്ലാത്ത പെമാരിയായി

പ◌ുഴകവിഞ്ഞു പുരനിറഞ്ഞു
മലയും പുഴയുമൊന്നായി
ഇടിയിലായുള്ളോരോ ജീവിതം
ശിഥിലകിനാക്കളായി മാറി...

മുറ്റത്തുള്ളോരാ തേന്മാവ്
കടപൊഴുകി തോടികടന്ന്
അകലയായി, കടലിലായി...
ഹൃദയങ്ങൾ കനിവുതെടുന്നു
അഴലകറ്റി കനിവേകണേ...

-രാജേശ്വരി. ടി അർ

# നിലാവെളിച്ചം



-അത്മജ

# പഴഞ്ചൊല്ലുകൾ

* സമ്പത്തുകാലത്ത് തൈ പത്ത് നട്ടാൽ
ആപത്തു കാലത്ത് കാ പത്തു തിന്നാം.

* അക്കരെ നിന്നാൽ ഇക്കരെ പച്ച.

* ആവക്കാരന് ഔചിത്യം പാടില്ല.

*അട്ടയെ പിടിച്ച് ,മെത്തയിൽ കിടത്തിയാൽ കിടക്കുമോ.

*ചൊട്ടയിലെ ശീലം ചൊടല വരെ.

*ഇല ചെന്ന് മുള്ളിൽ വീണാലും,മുള്ള് ചെന്ന് ഇലയിൽ
വീണാലും,കേട് ഇലയ്ക്ക തന്നേ.

*കുന്തം പോയാൽ കുടത്തിലും തപ്പണം.

*മുല്ല പൂമ്പൊടി ഏറ്റു കിടക്കും കല്ലിനും ഉണ്ടാവും സൗരഭ്യം.

*മുറ്റത്തെ മുല്ലക്ക് മണമില്ല.

*ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

*പട പേടിച്ച് പന്തളത്തു ചെന്നപ്പൊ പന്തം കുളത്തി പട.

*വിത്തു ഗുണം, പത്തു ഗുണം.

*സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

*ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

*അല്പന് അർഥം കിട്ടിയാൽ,അർദ്ധരാത്രിയിൽ കുട പിടിക്കും.

-ശ്വേതാ സാഗർ

# നിശാഗന്ധി



-പ്രണവ് കൃഷ്ണ.ടി.പി

# മഹത് വചനങ്ങൾ

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ
-മഹാത്മ ഗാന്ധി

നിങ്ങൾ നിങ്ങൾക്കു തന്നെ പ്രകാശമായി വർത്തിക്കുക
-ശ്രീ ബുദ്ധൻ

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
-ശ്രീ നാരായണ

ഗുരു

സത്യത്തെ സ്നേഹിക്കുക തെറ്റിനെ പൊറുക്കുകയും ചെയ്യുക
- വോൾട്ടയർ

ഭ ൂതകാലത്തെ അവഗണിക്കുന്നവർ അതിന്റെ തെറ്റുകൾ ആവർത്തിക്കാൻ സാധ്യതയുണ്ട്
-ഇന്ദിരാഗാന്ധി

വികാരങ്ങൾക്ക് അടിമപ്പെടുന്ന മനസ്സ് കാറ്റിലാടുന്ന തൂവൽ പോലെയാണ്
-ഷെയ്ക്സ്പിയർ

ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം

-എ പി ജെ അബ്ദുൾ കലാം

വിജയം അന്തിമമല്ല പരാജയം മാരകമല്ല അത് തുടരാനുള്ള ധൈര്യമാണ്

വിൻസ്റ്റൺചർച്ചിൽ

# ഒരു പാട്ട് പിന്നെയും

ഒരു പാട്ട് പിന്നെയും
പാടവേ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നു പോകെ
ഇനിയും പറക്കില്ല
എന്നതോർക്കാതെയാ
വിരിമാനം ഉള്ളാൽ
പുണർന്നു കൊണ്ടേ
വെട്ടിയ ക◌ുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റ ചിറകിന്റെ
താളമോടെ
ഒരു പാട്ട് വീണ്ടും
തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളോരീ 'കാട്ടുപക്ഷി'

-സുഗത ക◌ുമാരി

# ചാന്ദ്നി......



- അതുൽകൃഷ്ണ പി. വി

# കൊറോണ നാളിലെ ഒരു സ്വപ്നം

അതിരാവിലെ ആരും വിളിക്കാതെ തനിയെ ഉണർന്നു.ഇന്നൊരു യാത്ര പ്ലാൻ ചെയ്തിരിക്കുകയാണ്.കൂടെ എന്റെ ലക്കിയും [പട്ടിക്കുട്ടി] ബൂബൂവും,കുഞ്ഞാപ്പിയും [പൂച്ചകുട്ടികൾ] ഗില്ലുവും [അണ്ണാൻ]വരുന്നുണ്ട്.ലോക്ഡൗൺ ആയതിനാൽ ആരെയും കൂടെകൂട്ടാൻ പറ്റിയില്ല.കൊറോണയെ നാട്ടിലും വിദേശത്തും ഒരിടത്തും പപ്പയും മമ്മിയും സമ്മതിച്ചില്ല.അതുകൊണ്ട് യാത്ര സ്പേസിലേക്കാണ്.സ്പേഷിപ്പ് ഞാൻ തന്നെയുണ്ടാക്കി,ബബിൾ എന്ന് പേരും കൊടുത്തു.റോക്കറ്റ് ISRO ൽ നിന്നും കടം എടുത്തു.എങ്ങോട്ട് പോണം എന്ന് തീരുമാനിച്ചിട്ടില്ല,പോകും വഴി ആലോചിക്കാം.മമ്മി കുറച്ച് ഉണ്ണിയപ്പവും,ചിപ്സും,ലൈംജ്യൂസും ബാഗിലാക്കി തന്നു.ഞങ്ങൾ അഞ്ചുപേരും പപ്പക്കും,മമ്മിക്കും റാറ്റാ പറഞ്ഞു സ്പേഷിപ്പിൽ കയറി.

ത്രീ,ടൂ,വൺ,സീറോ...എന്ന് പറഞ്ഞ് വണ്ടി സ്റ്റാർട്ട് ചെയ്തു.സ്പേസിൽ പോകുന്നവഴി എന്തിനാവോ പുറകിൽനിന്നുമെണ്ണുന്നത്. മേഘങ്ങളേയും കടന്ന് ഞങ്ങൾ സ്പേസിൽ എത്തി.അപ്പോഴാണ് ആ കാഴ്ച കണ്ടത്.അവിടെ ഇവിടെ കുറെ ഏലിയൻസ് വലവീശി എന്തൊക്കെയോ ചാക്കിലാക്കുന്നു.എന്ത് സ്പേസിൽ

മീനോ?എന്തായാലും കാര്യമറിഞ്ഞിട്ടാവാം ഇനി യാത്ര.കാര്യം ഇതാണ് നമ്മൾ ഭ്രമിയിൽ നിന്നും അയക്കുന്ന സാറ്റ് ലൈറ്റുകളുടെ അവശിഷ്ടങ്ങൾ കുന്നുകൂടി മിൽക്കിവേയും ഗ്യാലക്സിയുമെല്ലാം വൃത്തികേടാകുന്നു.അതിനാൽ സൂര്യൻ ബുധനിലെയും ശുക്രനിലെയും ചൊവ്വയിലെയും ഏലിയൻസിനെ ക്ലീനിംങ്ങ് ജോലിക്ക് നിർത്തിയിരിക്കുകയാണ്.ഭൂമിയിൽ നിന്നും വന്ന എന്നോടവർ വല്ലാതെ ദേഷ്യപ്പെട്ടു.ഞാൻ സോറി പറഞ്ഞു.ഉണ്ണിയപ്പം കഴിക്കാൻ കൊടുത്തു.ഉണ്ണിയപ്പം സൂപ്പർ ഇനിയും വരുമ്പോൾ കൊണ്ടുവരണം.റെസിപ്പിയും തരണമെന്നു പറഞ്ഞു.പിന്നെ ഭ്രമിയിലുള്ളവരോട് സ്പേസ് വൃത്തികേടാക്കരുത് ഏലിയൻസിന്റെ ക്ഷമ പരീക്ഷിക്കരുതെന്ന് പറയാൻ പറഞ്ഞു.സ്പേസ് ഏജൻസികളുമായി സംസാരിച്ച് ഉടൻ പ്രശ്നം പരിഹരിക്കാമെന്ന് ഏറ്റ് ഞാൻ അവിടെ നിന്നും വേഗം സ്ഥലം കാലിയാക്കി.

അങ്ങിനെ പോയി കൊണ്ടിരിക്കുമ്പോൾ കുറച്ച് കോമേറ്റുകൾ എന്റെ ബബിളിനു നേരെ റോങ്ങ് സൈഡ്  കയറി വരുന്നു.ഞാൻ എന്തുചെയ്തു കയ്യിലുള്ള ലൈം ജ്യൂസ് അവർക്കുനേരെ  എറിഞ്ഞു. വാലും കരിഞ്ഞ് കരഞ്ഞുകൊണ്ട് അവർ വഴിമാറി പോയി.ലക്കിയും ബൂബൂവും കുഞ്ഞാപ്പിയും ഗില്ലുവും അതുകണ്ട് കയ്യടിച്ചു ചിരിച്ചു. അങ്ങനെ ഞങ്ങൾ

ശനിയുടെ അടുത്തെത്തി. നമ്മുടെ നാട്ടിൽ  പുള്ളിയ്ക്ക് അത്ര നല്ല പേരല്ലല്ലോ.ശനിയുടെ അപഹാരമാണെന്നൊക്കെ പറയുന്നത് കേട്ടിട്ടുണ്ട്.അത് എന്താണാവോ എന്തോ വേഗം ഇവിടെ നിന്നും സ്ഥലം കാലിയാക്കാമെന്ന കരുതിയപ്പോൾ ഒരു വിളി കേൾക്കുന്നു"എടേ പയ്യൻസ് ഇവിടെ വാ"ശനിയാണ് വിളിക്കുന്നത് .അവർ മൂന്നുപേരും പേടിച്ച് എന്റെ മടിയിൽ കയറിയിരുന്നു .ഗില്ല ബാഗിനകത്തു കയറി.ശനി ആൾ ഭയങ്കര കലിപ്പിലാണ്. ശനി എന്നോട് പറഞ്ഞു അതേയ് നിങ്ങൾ ഭൂമിയിൽ നിന്നമയച്ച കാസ്സിനി  ആ... എന്തുകുന്തമാണാവോ അത് വന്നിടിച്ച് എന്റെ വലയങ്ങളിലെല്ലാം അഴുക്കായി മര്യാദയ്ക്ക് തുടച്ച് വൃത്തിയാക്കിയിട്ട് പോയാൽ മതി. പിന്നെ എന്തുചെയ്യാം ഞങ്ങൾ അഞ്ചുപേരും കൂടി അതെല്ലാം തുടച്ച് വൃത്തിയാക്കി ശനിചേട്ടനെ ഹാപ്പിയാക്കി ഞങ്ങളുടെ യാത്ര തുടർന്നു. അപ്പോഴാണ് അങ്ങകലെയായി വ്യാഴത്തിന്റെ കളർ ഫെയ്ഡ് ആയിപ്പോയി എന്ന പറഞ്ഞ് ഏലിയൻസിനെ നിർത്തി പെയിന്റ് അടിപ്പിക്കുകയാണ്. എന്തായാലും ആ വഴി പോകേണ്ടയെന്ന് ഞാൻ തീരുമാനിച്ചു.എന്നെ കണ്ടാൽ ആ  കൊടുങ്കാറ്റിന് ചുവപ്പ് നിറം കുറഞ്ഞെന്നും പറഞ്ഞ് എന്നോട് കളർ  അടിക്കാൻ പറഞ്ഞലോ വേണ്ട റിസ്ക് എടുക്കണ്ട വഴി മാറി പോകാം.അങ്ങനെ വഴിമാറി വീണ്ടും യാത്ര തുടർന്നു.അപ്പോഴതാ കുറോ കുഞ്ഞൻ ഏലിയൻസ്

വരുന്നു.എവിടെയുള്ളവരാണാവോ?പരിചയപെടാനായി അടുത്തേയ്ക്ക്  ചെന്ന എന്റെ നേരെ അവർ കട്ട കലിപ്പിൽ നിൽക്കുകയാണ് എന്താ കാര്യമെന്നറിയോ പ്ലൂട്ടോകാരാണവൻ.നമ്മൾ അവരെ തടഞ്ഞ് പുറത്തകാക്കിയല്ലോ ആ ദേഷ്യത്തിലാണ് അവർ.ഇൗ അനീതിക്ക് എതിരെ പ്രതികരിക്കതിരുന്നതിന് എന്നെ പിടിച്ച് ബ്ലാക്ക് ഹോളിൽ ഇടാൻ തുടങ്ങി ഒരു വിധത്തിൽ അവരെ കാര്യങ്ങൾപറഞ്ഞു മനസിലാക്കി.നിങ്ങളെ പുറത്താക്കിയ സമയത്ത് ഞാൻ ജനിച്ചിട്ട് പോലുമില്ല.സംഭവം നടന്നത് 2006-ൽ ഞാൻ ജനിച്ചത് 2009-ൽ എനിക്കും നിങ്ങളുടെ കാര്യത്തിൽ സങ്കടമുണ്ട്.നമുക്ക് ഒരു വഴിയുണ്ടാക്കാം.ഒരു സെൽഫി എടുത്ത് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യാം.സംഭവം വൈറലാകും നിങ്ങൾക്ക് ലൈക്കോട് ലൈക്ക് ആയിരിക്കും.അവർക്ക് സംഗതി ഇഷ്ടപ്പെട്ടു.ഞങ്ങൾ സെൽഫി എടുത്ത് അപ്പോൾ തന്നെ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു.ഉടനെ തന്നെ ലൈക്കും കമന്റ്സും വന്നുകൊണ്ടിരുന്നു.പ്ലൂട്ടോ കുഞ്ഞൻമാർ ബഹുത്ത് ഹാപ്പി.പിന്നെ അവർ എവിടെ പോയി വരുന്ന വഴിയാണ് എന്ന് അന്വേഷിച്ചു അപ്പോഴാണ് കാര്യങ്ങൾ അറിയുന്നത്.അവർ യുറാനസിലെ അതിഥി തൊഴിലാളികൾ ആണെന്ന്.യുറാനസും നമ്മളോട് കലിപ്പിലാണ്.നമ്മളയക്കുന്ന സാറ്റ് ലൈറ്റ് വേസ്റ്റ് മുഴവൻ

പുള്ളിക്കാരന്റെ ചരിവിലാണ് വന്നടിയുന്നത്.കഴിഞ്ഞ ദിവസം വേസ്റ്റ് ചവിട്ടി പുള്ളി മൊത്തം സ്ലിപ്പായി പോയി.പിന്നെ ഒരു വിധത്തിലാണ് വേസ്റ്റ് നീക്കി ഒന്ന് സ്റ്റെഡി ആയത്.പ്ലൂട്ടോ കുഞ്ഞൻമാരെ ഇപ്പോൾ സ്ഥിരം ആ ചരിവിൽ നിർത്തിയിരിക്കുകയാണ്.ക്ലീനിംങ്ങ് ജോലിക്കായി.ഇന്നത്തെ ഇവരുടെ ഡ്യൂട്ടി കഴിഞ്ഞ് റിലാക്സ് ചെയ്യാനായി നെപ്ട്യൂണിലേക്ക് പോകുകയാണ്.അവിടെ നല്ല കാറ്റാണത്രേ.എന്നെയും കൂടെ വരാൻ ക്ഷണിച്ചു.ഞാൻ അവരോടോപ്പം പോകാൻ തീരുമാനിച്ചു.ഞങ്ങൾ നെപ്ട്യൂണിലെത്തി.കാറ്റ് എന്ന് പറഞ്ഞാൽ ഇതാണ് കാറ്റ് ഹായ് എന്തു രസം.പെട്ടെന്ന് അങ്ങ് ദൂരെ മത്താപ്പൂ കത്തുന്നു.എന്താണ് അത് നല്ല ഭംഗി.അതാണ് സൂപ്പർ നോവ കുഞ്ഞൻമാർ പറഞ്ഞു തന്നു.ഞങ്ങൾ ചിപ്സും കൊറിച്ച് കാറ്റും കൊണ്ടിരുന്നു.ഉറങ്ങി പോയത് അറിഞ്ഞില്ല.ബബ്ലൂ എഴുന്നേൽക്ക് സമയം ഒരുപാടായി.ആരോ വിളിക്കുന്നു.കുഞ്ഞൻമാർ ആരെങ്കിലും ആയിരിക്കും മെല്ലെ കണ്ണ് തുറന്നു ലക്കിയും ബുബുവും കുഞ്ഞാപ്പിയും ഗില്ലും ഉണ്ട് പ്ലൂട്ടോക്കാരെ കാണുന്നില്ല.ബബിൾ എവിടെ തിരിച്ച് എങ്ങിനെ വീട്ടിൽ പോകും.പപ്പയും മമ്മിയും എന്നെ കാണാതെ വിഷമിക്കും.എനിക്ക് പേടിയാവുന്നു.കരച്ചിൽ വരുന്നു.മമ്മിയെ ഉറക്കെ വിളിച്ചു കരഞ്ഞു.കരച്ചിൽ കേട്ട് മമ്മി ഓടി വന്നു.മമ്മി എങ്ങിനെ ഇവിടെയെത്തി,മമ്മി എന്റെ സ്പേസ്ഷിപ്പ് ബബിൾ കാണുന്നില്ല നമ്മൾ ഇനി

എങ്ങിനെ വീട്ടിൽ പോകും.മമ്മി ചോദിച്ചു.ബബിളോ സ്പേസ് ഷിപ്പോ എന്തുപറ്റി നിനക്ക് ഉറക്കപ്പിച്ച് പറയാതെ എഴുന്നേൽക്കാൻ നോക്ക് നേരം ഒരുപാടായി.മമ്മി തിരികെ കിച്ചനിലേക്ക് പോയി.അപ്പോൾ ഇത്രനേരം ഞാൻ കണ്ടത് ഓ....നോ.....അത് ഒരു സ്വപ്നം ആയിരുന്നോ ഒരു പുലർക്കാല സുന്ദര സ്വപ്നം .

കുറിപ്പ്

ചിലപ്പോൾ വിദൂരഭാവിയിൽ സംഭവിക്കാവുന്ന സ്വപ്നം ഗ്യാലക്സി മുഴുവൻ മനുഷ്യൻ കീഴടക്കുമായിരിക്കും. അന്യഗ്രഹങ്ങളിൽ താമസമാരംഭിക്കും.അതിനായി വളർന്നു വരുന്ന തലമുറ പരിശ്രമിക്കട്ടെ.സ്വപ്നം കാണാൻ പഠിപ്പിച്ച ആ മഹാനായ ശാസ്ത്രജ്ഞൻ അബ്ദുൾ കലാം സാർ അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഭാവിയിൽ ഒരു ശാസ്ത്രജ്ഞനാകാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥി....

ആൽഡ്രിൻ ആന്റണി.

# പാട്ടിന് കിട്ടിയ സമ്മാനം

പണ്ടു പണ്ടൊരു ഗ്രാമത്തിൽ ഒരു പഴക്കച്ചവടക്കാരൻ ഉണ്ടായിരുന്നു.അയാൾ ഒരു കഴുതയെ വളർത്തിയിരുന്നു.രാവിലെയാകുമ്പോൾ കഴുതയുടെ പുറത്ത് വിൽക്കുവാനുള്ള പഴക്കുലയും വെച്ച് അയാൾ വീടുകളിലേക്ക് പോകും.വൈകീട്ടാകുമ്പോൾ പഴങ്ങളെല്ലാം വിറ്റുകഴിഞ്ഞ് കഴുതപ്പുറത്തു കയറി തിരിച്ചു വീട്ടിലേക്ക് മടങ്ങുകയും ചെയ്യും.വീട്ടിൽ എത്തി കഴിഞ്ഞ് രാത്രിയാകുമ്പോൾ അയാൾ തന്റെ കഴുതയെ കെട്ടഴിച്ചു സ്വതന്ത്രമായി വിട്ടിരുന്നു.ഈ സമയം കഴുത വയലുകളിലും മറ്റു പറമ്പുകളിലും പോയി തനിക്കു മതിയാവോളം പച്ചപ്പുല്ലോ കായ്കനികളോ കഴിക്കും.അതിനു ശേഷം പുലരുന്നതിനു മുൻപ് തന്റെ യജമാനന്റെ വീട്ടിലേക്ക് മടങ്ങുകയും ചെയ്തിരുന്നു.കഴുത ഇങ്ങനെ രാത്രിയിൽ ചുറ്റി കറങ്ങുന്നതിനിടയിൽ ഒരു ദിവസം ഒരു കുറുക്കനെ കാണുവാൻ ഇടയായി.പെട്ടെന്നു തന്നെ അവർ നല്ല സുഹൃത്തുക്കളാകുകയും ചെയ്തു.പിന്നീടുള്ള ദിവസങ്ങളിൽ അവർ ഒരുമിച്ചായി രാത്രിയിലുള്ള കറക്കം.അവർ രാത്രികളിൽ ഒരുമിച്ചു ആഹാരം തേടി കഴിച്ചു സന്തോഷത്തോടെ കഴിഞ്ഞു.അങ്ങനെയിരിക്കെ ഒരു ദിവസം രാത്രി കുറുക്കൻ പറഞ്ഞു.സുഹൃത്തേ കുറച്ചു അകലെയായി ഒരു വെള്ളരിപ്പാടം ഞാൻ കണ്ടു.ഇന്ന് നമുക്ക് അങ്ങോട്ടേക്ക് പോയാലോ.അവിടെ നിന്ന് നമുക്ക്

മതിയാവോളം വെള്ളരിയും കഴിച്ച് മടങ്ങാം.കഴുത സമ്മതിച്ചു.അങ്ങനെ അവർ വെള്ളരിപ്പാടത്തേക്ക് പുറപ്പെട്ടു.നല്ല നിലാവുള്ള ദിവസമായിരുന്നു അത്.വെള്ളരിപ്പാടത്തെത്തി നല്ല സ്വാദിഷ്ടമായ വെള്ളരിക്കയും കഴിച്ചുകൊണ്ടിരുന്നപ്പോൾ കഴുതക്ക് ഒരു ആഗ്രഹം.അവൻ കുറുക്കനോട് പറഞ്ഞു "സുഹൃത്തേ,ഈ പൂർണ്ണ ചന്ദ്രനുള്ള തെളിഞ്ഞ ആകാശവും നിറയെ വെള്ളരികളുള്ള ഈ വെള്ളരിപ്പാടവും എന്തെന്നില്ലാത്ത സന്തോഷം തോന്നുന്നു.ഈ സന്തോഷത്തിൽ പാട്ടുപാടാൻ ആഗ്രഹിക്കുന്നു."കഴുതയുടെ ആഗ്രഹം കേട്ട കുറുക്കൻ ഞെട്ടി.അവൻ പറഞ്ഞു 'സുഹൃത്തേ ഞാൻ നിന്റെ ആഗ്രഹത്തെ മാനിക്കുന്നു.' പക്ഷേ, നീയിപ്പോൾ ഇവിടെ നിന്ന് പാടുകയാണെങ്കിൽ അതു കേട്ട് കൃഷിക്കാർ എഴുന്നേൽ ക്കാൻ ഇടയുണ്ട്.അത് നമുക്ക് അപകടമാണ്.എന്നാൽ കഴുതയാകട്ടെ കുറുക്കൻ പറഞ്ഞത് കൊണ്ടില്ല.അവൻ പറഞ്ഞു,"ഒരുകാട്ടുമൃഗമായ നിനക്ക് സംഗീതത്തിനെക്കുറിച്ച് എന്തറിയാം? പാട്ടുപാടാനും അതുആസ്വദിക്കാനും ഒരു കഴിവ് വേണം.ഇതൊന്നുമില്ലാത്ത നിന്നോട് ഇതിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല."എന്ന് കുറുക്കൻ പറഞ്ഞു.ഉടൻ തന്നെ കുറുക്കൻ കഴുതയോട് പറഞ്ഞു. “അങ്ങനെ ആണെങ്കിൽ ഒരു നിമിഷം എനിക്കു സമയം തരണം.ഞാൻ ഈ പാടത്തു നിന്നും പുറത്തു പോയതിനുശേഷം നീ പാടികൊള്ളുക."ഇതും പറഞ്ഞ്

കുറുക്കൻ പാടത്തിനപ്പുറത്തുള്ള ഒരു വലിയ മരത്തിന്റെ ചുവട്ടിൽപോയി ആരും കാണാതെ ഒളിച്ചു. ഈ സമയം കഴുത തന്റെ മുഴുവൻ ശബ്ദവും എടുത്ത് പാടാൻ തുടങ്ങി.കഴുതയുടെ പാട്ടുകേട്ടതും കുറുക്കൻ പറഞ്ഞതുപോലെ കൃഷിക്കാർ ഉണർന്നു.അവർ പറഞ്ഞു "ഈ പാതിരാത്രിയിൽ ആരാണ് ഇത്രയുംഒച്ചയെടുത്ത് അലറുന്നത്?" ഇതും പറഞ്ഞ് അവർ വെള്ളരിപ്പാടത്തേക്കു നോക്കി. നല്ല നിലാവെളിച്ചം ഉള്ളതു കൊണ്ടു തന്നെ പാടത്ത് നിന്നത് ആരാണെന്ന് കൃഷിക്കാർക്ക് പെട്ടെന്നു മനസിലായി.അവർ കല്ലുകളും
വടികളുമായി വന്നു കഴുതയെ ആക്രമിച്ചു.ഏറുകൊണ്ടും കമ്പുകൊണ്ടുള്ള അടികൊണ്ടുംമുറിവേറ്റ കഴുത അവിടെ നിന്നും ജീവനും കൊണ്ട് ഓടി.ഈ സമയം മരത്തിന്റെ ചുവട്ടിൽ ഒളിച്ചിരുന്ന കുറുക്കൻ കൃഷിക്കാർ അവിടെ നിന്നും പോയിക്കഴിഞ്ഞിരിക്കുന്നതും പുറത്തുവന്നു.എന്നിട്ടു പറഞ്ഞു "നല്ല മനോഹരമായി കഴുത പാടിയത്. ആ പാട്ടിനു അർഹിച്ച സമ്മാനവും കിട്ടി."ഇതും പറഞ്ഞ് കുറുക്കനും അവിടെനിന്നും പോയി..

ഗുണപാഠം : സമയവും സന്ദർഭവും നോക്കാതെയുള്ള പ്രവർത്തിക്ക്
വിപരീത ഫലമാകും കിട്ടുക.

-ക്രിസ്‌വിൻ ഗ്ലിന്റൺ

# സൗന്ദര്യ റാണി...പ്രകൃതി



**-അഭിനവ് എ പ്രജീഷ്**

# മന്ത്രവാദിയും ചെന്നായും

ചെമ്പട്ട് എന്ന ഗ്രാമം.അവിടത്തെ അരുവികളും, വെള്ളചാട്ടങ്ങളും, മലകളും, മരങ്ങളും, ജീവികളും മനോഹരമാണ്. ആ ഗ്രാമത്തിന്റെ ഭംഗി വിവരണാധീതമാണ്. ആ ഗ്രാമത്തിന്റെ ഒരു വശത്ത് കാടാണ്.

ആ ഗ്രാമത്തിൽ ദുഷ്ടനും നീചനുമായ ഒരു മന്ത്രവാദി ജീവിചിരുന്നു. അവന്റെ ആഗ്രഹം തന്നെ ആ ഗ്രാമത്തിന്റെ ഭംഗി നഷ്ടപ്പെടുത്തുക എന്നതാണ്.

ഒരു ദിവസം ഒരു ചെന്നായ അവന്റെ വീട്ടിൽ ചെന്നു. അതിന് വെള്ളം ആവിശ്യമാണെന്നറിഞ്ഞിട്ടും കൊടുക്കാതെയതിനെ ഒ◌ാടിച്ചുവിട്ടു. അടുത്ത ദിവസം അവൻ തന്റെ പരീക്ഷണത്തിനുള്ള ഒരു പച്ചിലത്തേടിയിറങ്ങി. അവൻ ഒരു മരത്തിന്റെ കീഴിൽ എത്തിയപ്പോൾ പച്ചിലയ്ക്കിടയിലൂടെ രണ്ട് ചിവന്ന കണ്ണികൾ പ്രത്യക്ഷപ്പെട്ടു ശേഷം ശരീരവും, അതോരു ചെന്നായയായിരുന്നു. മന്ത്രവാദി ഒ◌ാടി പിറകെ ചെന്നായും, മന്ത്രവാദി അരുവിയുടെ അരികിലെത്തിയപ്പോൾ അവന് എങ്ങോട്ടാണ് ഓടേണ്ടത് എന്ന്  മനസ്സിലായില്ല. അവൻ അവിടെ നിന്നു, ചെന്നായ അടുത്തടുത്തെക്ക് വന്നു അപ്പോഴാണ് മറ്റൊരു ചെന്നായ വന്നത്. ആ ചെന്നായ മറ്റെ ചെന്നായയെ ഓടിചുവിട്ടു,അപ്പോഴാണ് അവന് മനസ്സിലായത് തന്റെ വീട്ടിൽ വെള്ളത്തിനായി വന്ന

ചെന്നായയാണ് അതെന്ന്.ആ ചെന്നായ "പ്രളു"എന്നവനെ വിളിച്ചു, അവൻ ഞെട്ടി "ഒരു ചെന്നായ സംസാരിക്കുന്നുവോ?" എന്നവൻ സ്വയം വിടാരിച്ചു. ആ ചെന്നായ അവനോട് പറഞ്ഞു "ചെമ്പട്ട് നിന്റെ ഗ്രാമമാണ്, നിന്റെ ഗ്രാമം ഭംഗിയുള്ളതാണെങ്കിൽ പ്രയോജനം നിനക്കാണ് അതുകൊണ്ട് നിന്റെ കഴിവ് നല്ല കാര്യങ്ങൾക്കുവെണ്ടിയുപയോഗിക്കു" അവൻ പറഞ്ഞു "എന്നോട് ക്ഷേമിക്കണം ഞാൻ ചെയ്തത് തെറ്റാണ് ഞാൻ ഇനി എന്റെ കഴിവ് തെറ്റായ കാര്യങ്ങൾക്കുവെണ്ടി ഉപയോഗിക്കില്ല, ഈ ഗ്രാമത്തിന്റെ നല്ലതിനുവെണ്ടി ഞാൻ ഉപയോഗിക്കും"

മന്ത്രവാദി പിന്നോരിക്കിലും തന്റെ കഴിവ് തെറ്റായ പ്രവർത്തികൾക്കുപയോഗിച്ചിട്ടില്ല, ഗ്രാമത്തിന്റെ ഭംഗിക്കും നന്മയ്ക്കും വേണ്ടിയേ തന്റെ കഴിവുകൾ ഉപയോഗിച്ചിട്ടോള്ളൂ... കൂടാതെ ആ ചെന്നായയെ  മന്ത്രവാദി അവന്റെ വീട്ടിൽ അവന്റെ വളർത്തു മൃഗമായി വളർത്തി.

-അതുൽകൃഷ്ണ. പി.വി

# അധ്വാനത്തിന്റെ ഫലം

അങ്ങകലെ ക്ുന്നിൻ ചെരുവിൽ ഒരു ഗ്രാമം ഉണ്ടായിരുന്നു. അവിടെ ക്ുറെ ആളുകൾ താമസിചിരുന്നു അവർ അവുടെ സമ്പത്ത് സമൃതിയോടെയാണ് ജീവിച്ചിരുന്നത്. അവർക്ക് എന്നും സന്തോഷമായിരിന്നു. അവിടെ പഴവർഗങ്ങളും പച്ചക്കറികളും എല്ലാം തന്നെ ധാരാളമായി ഉണ്ട്. അവർ അതല്ലാം ദൂരെ പട്ടണത്തിൽ കൊണ്ടുപോയി കച്ചവടം നടത്തും.പച്ചക്കറികളും എല്ലാം തന്നെ നല്ല ഗുണ മേന്മയുള്ളതായിരുന്നു. പട്ടണത്തിലെ ആളുകളും ഇവടെ സാധനങ്ങൾ കച്ചവടം നടത്താറുണ്ട്. അവർ നോക്കുമ്പോൾ അവരുടെ ഫലങ്ങളെക്കാൾ ഗുണമുള്ളതാണ് ഇതെല്ലാം. അവർക്ക് അസൂയയായി അവർ ഈ ഫലങ്ങളെല്ലാം നശിപ്പിക്കാൻ പദ്ധതിയിട്ടു പക്ഷേ ഒന്നും സംഭവിച്ചില്ല. എന്താണ് ഗ്രാമത്തിൽ നടക്കുന്നത് എന്ന് അറിയാനായി ഒരു ദിവസം ഗ്രാമത്തിൽ എത്തി. അപ്പോഴാണ് അവർ കാണുന്നത് ആ ഗ്രാമത്തിലെ എല്ലാവരും ഒത്തോരുമയോടുക്കൂടി അധ്വനിക്കുന്നത്. ആ ഗ്രാമത്തിലെ എല്ലാവരും നല്ല അധ്വനശീലരായിരുന്നു. അവർ പരസ്പരം സഹകരണത്തിന്റെയും അധ്വാനത്തിന്റെയും ഫലമായിട്ടാണ് അത്രയും ഗുണമേന്മയുള്ള വിളകൾ ലഭിക്കുന്നത്. പട്ടണ വാസികൾ വിളഞ്ഞുനിൽക്കുന്ന

ഫലങ്ങൾ നോക്കി കൊണ്ട് പരസ്പരം പറഞ്ഞു "ഇതാണ് അധ്വനത്തിന്റ സഹകരണത്തിന്റയും ഫലങ്ങൾ".

-അഭിനവ് എ പ്രജീഷ്

# സൗഹൃദം

വളരെ പണ്ട് മലയിടുക്കിലുള്ള ഒരു ചെറിയ ഗ്രാമത്തിൽ മൂന്ന കൂട്ടുക്കാർ പാർത്തിരുന്നു. അതിൽ രണ്ടുപേർ ധനികരും, മൂന്നാമത്തെയാൾ വളരെ ദരിദ്രനമായിരുന്നു. എല്ലാ ഒഴിവു ദിനങ്ങൾ ആഘോഷിക്കാനായി അവർ മൂവരും പുറത്തെവിടെയെങ്കിലും ഒത്തുകൂടും. ധനികരായ രണ്ടുപേരും പുറത്തുപോകുമ്പോൾ ധാരാളം ആഹാരം കോണ്ടുപോകും പക്ഷ അതിലെ ദരിദ്രനായ കൂട്ടുക്കാരൻ മാത്രം ഒന്നും കോണ്ടുപോകില്ല എന്നു മാത്രമല്ല മറ്റുള്ളവർ കൊണ്ടുവന്ന ഭക്ഷണം അവൻ തിന്നുതീർക്കുകയും ചെയ്യും. അതുകൊണ്ട് ധനികരായ രണ്ടുപെരും കൂടി ദരിദ്രനെ ഒഴിവാക്കാൻ ശ്രമം നടത്തി.

ഒരിക്കൽ ഒരവധി ദിവസം അവർ ആ ദിനം ആഘോഷിക്കാനായി പുറത്തുപോകാൻ ഒരുങ്ങി. അവർ ദരിദ്രനായ കൂട്ടുക്കാരനെ ഒഴിവാക്കി.വേറെ വഴിയിലൂടെ പോയി ഇതറിഞ്ഞ ദരിദ്രനായ കൂട്ടുക്കാരൻ അവരെ തിരക്കി നടന്നു അവരെ കാണാതായപ്പോൾ അവന് മനസ്സിലായി അവർ തന്നെ ഒഴിവാക്കിയതാണെന്ന്. ഇതറിഞ്ഞവൻ തന്റെ സഹോദരിയുടെ അടുത്തുചെന്ന് പറഞ്ഞു എനിക്ക് എന്റെ രണ്ടുകൂട്ടുക്കാരും എവിടെയുണ്ടെന്ന് മനസ്സിലായി നീ എന്നെ ഒരു പെട്ടിയിലാക്കി നദിയിലൂടെ ഒഴുക്കിവുട്ടു അവൻ നദിയുടെ അരികത്താണ് ഇരിക്കുന്നത് എന്തെങ്കിലും

വിലപിടിപ്പുള്ള സാധനം അണെന്ന് കരുതി അവർ എന്നെ കരയ്ക്ക് അടുപ്പിച്ചോളും .

അവൻ വിചാരിച്ചതുപ്പോലെ എന്തെങ്കിലും വിലപിള്ളതാണ് എന്ന് കരുതി അവർ ആ പെട്ടി അടുപിച്ചു .പിന്നെ അവർ ആ പെട്ടി തുറന്നപ്പോൾ തങ്ങൾ ഒഴിവാക്കിയ ആ ദരിദ്രനായ കൂട്ടുക്കാരനെ കണ്ട് അവർക്ക് ദേഷ്യം വന്നു അപ്പോൾ ആ ദരിദ്രൻ പറഞ്ഞു.

"നിങ്ങൾ എന്തിനാണ് എന്നെ വലിച്ചു ഇങ്ങോട്ട് കയറ്റിയത് ഞാൻ മുങ്ങിമരിക്കാൻ പോവുകയായിരുന്നു . ഞാൻ നിങ്ങളുടെയടുത്തുവന്ന് എപ്പോഴും നിങ്ങളുടെ കൈയ്യിൽ നിന്ന് കഴിക്കും അതിന്റെ വിഷമവും നാണകെട്ടും കൊണ്ടാണ് ഞാൻ മരിക്കാൻ ഈ പെട്ടിയിൽ കിടന്നത്.

എന്തായാലും നിങ്ങൾ എന്നെ കരയ്ക്കടിപ്പിച്ചു അതുകോണ്ട് ഞാൻ നിങ്ങൾ കൊണ്ടുവന്ന ഭക്ഷണങ്ങൾ ത്തീർക്കാൻ സഹായിക്കും ".


ഇതും പറഞ്ഞ് അവർ കൊണ്ടുവന്ന ഭക്ഷണങ്ങൾ അവൻ കഴിക്കാൻ തുടങ്ങി. ക ുറച്ചു കഴിഞ്ഞപ്പോൾ അവൻ പറഞ്ഞു.

"നിങ്ങൾ വന്നപ്പോൾ എന്നെയും കൂടിവിളിച്ചിരുന്നെങ്കിൽ ആ പെട്ടി വലിച്ചെടുത്തുനിങ്ങൾ കഷ്ടപ്പെടണ്ടായിരിന്നു."

മറ്റു രണ്ടുപേരും ഇവൻ പറയുന്നത് കെട്ട് സ്തബ്ധരായി നിന്നു.

-ലിമാ ട്രീസ ജെംസ്

# നിഴലും വെളിച്ചവും



**-അർഷൽ ലാൽ**

# വളർത്തു നായയും ചെന്നായയും

ഒരു ചെന്നായ കാട്ടിലൂടെ വിശന്നു വലഞ്ഞു നടക്കുകയായിരുന്നു. ഭക്ഷണം കിട്ടാതെ പട്ടിണിയായിരുന്ന ചെന്നായ അപ്പോഴാണ് ഒരു വളർത്തുനായയെ ആ വഴി കണ്ടത്. "നീ തടിച്ചുകൊഴുത്തു സുന്ദരമായിരിക്കുന്നല്ലോ... എവിടെ നിന്നാണ് നിനക്ക് ഭക്ഷണം ലഭിക്കുന്നത്?" ചെന്നായ ചോദിച്ചു.

"ജോലിയെടുത്താൽ നിനക്കും ഭക്ഷണം ലഭിക്കും. എന്റെ കൂടെ വരാൻ തയ്യാറാണോ?" വളർത്തു നായ ചോദിച്ചു. "തീർച്ചയായും,പട്ടിണികിടന്നുചാവുന്നതിലും നല്ലതല്ലേ പണിയെടുക്കുന്നത്?". ചെന്നായ നായയുടെ ക◌ുടെ യാത്രയായി. അപ്പോഴാണ് ചെന്നായ ഒരു കാര്യം ശ്രദ്ധിച്ചത്, വളർത്തു നായയുടെ കഴുത്തിനു ചുറ്റും ഒരു വലിയ അടയാളം. "ഓ, അത് രാത്രിയിലെന്നെ കെട്ടിയിടുന്ന പാടാണ് " നായ പറഞ്ഞു. ചെന്നായ തിരിഞ്ഞു നടന്നുകോണ്ട് പറഞ്ഞു "ചങ്ങാതീ, ഞാനില്ല നിന്റെ ക◌ൂടെ, അടിമത്ത്വത്തേക്കാൾ നല്ലത് പട്ടിണി കിടക്കുന്നതാണ്"

ഗുണപാഠം:സ്വതന്ത്ര്യം തന്നെ ജീവിതം

-ജോവിയ വർഗ്ഗീസ്

# സ്കൂൾ യാത്ര

ഞങ്ങൾ സ്ക്കൂളിൽ നിന്ന് ഇടുക്കിലെക്ക് ഒരു യാത്ര പോയി വല്ലാത്ത ഒരു അനുഭവമായിരുന്നു.എല്ലാവരുടെയും കൂടെ ആസ്വതിച്ചു.ഞങ്ങൾ അതിരാവിലെ തന്നെ ഇവിടെന്ന് പുറപ്പെട്ടു ആദ്യമായി കുളമാവ് ഡാമിൽ എത്തി .അവിടെ നിന്ന് രാവിലത്തെ ആഹാരം കഴിച്ചു കൂടാതെ കുറേ ഫോട്ടോസ്സ് എടുത്തു .അവിടെ നിന്ന് കുളമാവ് ഡാമിന്റെ കുന്നിൻചെരുവിലെ ആതിമനോഹരമായ കാഴ്ചകൾ കണ്ട് അവിടെ നിന്ന് ഞാങ്ങൾ ബസിൽ മിസ്സുമാരും ഒത്ത് നൃത്തം ചെയ്യിതു.കാൽവെരി മൗഡിൽ എത്തിയ ഞങ്ങൾ അവിടത്തെ കേറ്റം മൂലം ജീപിലാണ് മലകെയറിയത്ത് അവിടെന്ന് 14 മലകൾ ഞങ്ങൾ നാടന്നു കെയറി.അവിടെന്ന് ഞങ്ങൾ ഐസ്ക്രീം വാങ്ങി കഴിച്ചു അതോടൊപ്പം ആഹാരവും കഴിച്ചശേഷം ഞങ്ങൾ എല്ലാവരും ബസ്സിൽ കയറി.ഞങ്ങൾ രാമക്കൽമേടിലാണ് പോയത്ത്.എന്നിക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട സ്ഥലമാണ് അത്.കാട്ടിനുളിലൂടെയാണ് പോയത്ത് അവിടെ തന്നെയുള്ള കുറവനും കറവത്തിയും മലയിലും ഞങ്ങൾ പോയിരുനു.അവിടെ നിന്ന് ഞങ്ങൾ ബസ്സിൽ കെയറി.സബിത മിസ്സിന്റെപിറന്നാൾ ആഘോഷിച്ച് ഞങ്ങൾ തിരിച്ച് വിട്ടിലേക്ക് യാത്രയായി.ആലുവ എത്തിയപ്പോൾ ഞങ്ങൾ നൃത്തം ചെയ്യിതു.ഇങ്ങനെ

എല്ലാം കൊണ്ടുതന്നെ എനിക്ക് ഈ യാത്ര മറക്കാൻ കഴിയില്ല....

-അന്ന.എം

# മെസ്സിയുടെ ജീവിതകഥയിലെ ഒരു ഭാഗം

അർജന്റീന ടീം ബസ്മെല്ലെ സ്റ്റേഡിയത്തിലെക്ക് നീങ്ങി. അരും ഒന്നും മിണ്ടുന്നില്ല.മത്സരത്തിനായി സ്റ്റേഡിയത്തിലെക്ക് പൊകുമ്പോഴുള്ള പതിവ് പാട്ടും ഡാൻസുമൊന്നുമില്ല. എല്ലാവരും ടെൻഷനിലാണ് സൗദി അറേബ്യയോട് തോറ്റതിന്റെ ഷോക്കിലാണ് അവരെല്ലാം. മെക്സികൊയിക്കെതിരെയാണ് അടുത്ത മത്സരം മെക്സികൻ ഡിഫൻസിനെ മുഴുവൻ മറികടനാലും അവരുടെ ഗോൾക്കീപ്പറായ ഗ്യലെർമോ ഒച്ചാവോയെ തോൽപ്പിക്കുക അത്രയെളുപ്പമാവില്ല. ബസ് സ്റ്റേഡിയത്തിലെത്താൻ ഇനിയധികസമയമില്ല. ഗോൾക്കീപ്പർ എമിലിയാനോ ഡിബു മാർട്ടീനസ് സീറ്റിനിന്നെഴുന്നേറ്റു.

ലോകകപ്പ് ജയിക്കണമെങ്കിൽ ഈ കളി ജയിച്ചേ മതിയാവൂ. മാർട്ടീനസ് പറഞ്ഞു. എന്നിട്ട് ഡിബു ഒരു പാട്ട് പാടാൻ തുടങ്ങി. എല്ലാവരും കൈയടിച്ച് ക ൂടെ കൂടി. ബസ്സിനുള്ളിൽ  പാട്ടും ഡാൻസുമായി ആകെ ബഹളം. എല്ലാവരും ടെൻഷനൊക്കെ മറന്നു .

ബസ്സ് സ്റ്റേഡിയത്തിനുമുമ്പിൽ നിർത്തി ഒരു ഫിഫ ഒഫിഷ്യൽ ഒ ാടിയെത്തി,

വേഗം ഇറങ്ങു , സമയം പോകുന്നു അയാൾ. പറഞ്ഞു. പക്ഷേ അതൊന്നും ശ്രദ്ധിക്കാതെ പാട്ടു പാടുന്ന തിരക്കിലായിരുന്നു അർജന്റീന ടീം പാട്ടു മുഴുവൻ പാടി തീർത്തിട്ടിണ് അവർ ബസ്സിൽ നിന്നിറങ്ങിയത്.

അത്പം മുൻപ് കഴിഞ്ഞക്കളിയെ ക്കുറിച്ച് ഒ ാർത്ത് ടെൻഷനടിച്ചിരുന്ന ടീമായിരുന്നില്ലേ അത്. തിങ്ങി നിറഞ്ഞ ലുസൈൽസ് സ്റ്റേഡിയം. 88,966 പെരാണ് മത്സരം കാണികളുടെ കാതടിപ്പിക്കുന്ന ശബ്ദങ്ങൾക്കിടയിൽ കളി തുടങ്ങി.ഒന്നാം പകുതിയിൽ കാര്യമായ അവസരങ്ങളൊന്നും അർജന്റീനയ്ക്കു ക്കിട്ടിയില്ല. മെക്സികൊയുടെ അലക്സ് വേഗയുടെ ഒരു സൂപ്പർ ഫ്രീകിക്ക് ഗോൾകീപ്പർ എമിലിയാനോ മാർട്ടീനസ് പറന്നു പിടിച്ചു. രണ്ടാം പകുതിയിലും ആദ്യവമൊന്നും ഗോളടിക്കാൻ അർജന്റീനയ്ക്കായില്ല. 64- ാം മിനിറ്റിൽ ആരാധകർ കാത്തിരുന്ന ആ നിമിഷമെത്തി, മെസ്സി മാജിക്ക്, ഡി മരിയയിൽ നിന്നും മെസ്സിക്ക് ഒരു പാസ്സ് കിട്ടി. ബോക്സിനു തോട്ടു പുറത്തു നിന്ന് മെക്സിക്കൻ ഡിഫൻസിനിടയിലൂടെ മെസ്സിയുടെ ഒരു പവർ ഫുൾ ഷോട്ട്! ഒച്ചാവയ്ക്ക് ഒന്നും ചെയ്യാനായില്ല.... ഗോൾ!

സ്റ്റേഡിയം അർത്തിരമ്പി, വേർ ഈസ് മെസ്സി? ആ ചോദ്യത്തിനുത്തരമിതാ: മെസ്സി ഈസ് ഹിയർ ! ദി ഫുട്ബോൾ മജീഷ്യൻ! 87 ാം മിനിറ്റിൽ എൻസോഫെർണാഡസ് അർജന്റീനയ്ക്കായി ഒരു ഗോൾ ക്കൂടിനേടി.2-0 ന് അർജന്റീന കളിജയിച്ചു.

-മുഹമ്മദ് യാസീൻ. പി.എഫ്

# ഹരിത ഭംഗി



-സാവിൻ ജോബി

# അബ്ദുള്ളയും സന്യാസിയും

പണ്ട് പണ്ട് അബ്ദുള്ള എന്ന ഒരാൾ ഉണ്ടായിരുന്നു.അബ്ദുള്ളയുക്ക് നാല് ഒട്ടകങ്ങൾ ഉണ്ടായിരുന്നു.ഒരു ദിവസം അബ്ദുള്ള തന്റെ ഒട്ടകങ്ങളെയും കൂട്ടി കാട്ടിലേക്ക് പോയി.ഒട്ടകങ്ങളെയും കൂട്ടി നടന്ന് നടന്ന് അബ്ദുള്ള ക്ഷീണിച്ചു.അബ്ദുള്ള അടുത്തുള്ള ഒരു ഗുഹയിൽ പോയി ഇരുന്നു.

അപ്പോഴതാ അവിടെ ഒരു വെളിച്ചം.അബ്ദുള്ള അവിടേക്ക് പോയി.അതൊരു സന്യാസി ആയിരുന്നു.അബ്ദുള്ള ചോദിച്ചു താങ്കളാരാണ്?അദ്ധേഹം പറഞ്ഞു ഞാൻ ഒരു സന്യാസിയാണ്.നിങ്ങളുടെ ബുദ്ധിമുട്ടുകൾ എനിക്ക് അറിയാൻ കഴിയും .നിങ്ങൾക്ക് എന്തെങ്കിലും ഒരാഗ്രഹമുണ്ടെങ്കിൽ പറയൂ ഞാൻ അത് സാധിച്ചുതരാം.അബ്ദുള്ള പറഞ്ഞു എനിക്ക് ധാരാളം പണം വേണം.

സന്യാസി അബ്ദുള്ളയ്ക്ക് ഒരു കൺമഷി പാത്രം കൊടുത്തു.അബ്ദുള്ള ചോദിച്ചു.ഇതെന്താ കൺമഷി പാത്രമോ ഇതുകൊണ്ട് എനിക്ക് എന്ത് ഉപകാരമാണ് ഉണ്ടാവുക നിങ്ങൾ എന്നെ പറ്റിക്കുകയാണോ.

സന്യാസി പറഞ്ഞു.അല്ല അല്ല നിങ്ങൾ ഈ കൺമഷി നിങ്ങളുടെ വലതു കണ്ണിൽ മാത്രം എഴുതുക നിങ്ങൾ എത്ര പ്രാവശ്യം കണ്ണിൽ കൺമഷി എഴുതുന്നുവോ അത്രയും പണം ലഭിക്കും.

അബ്ദുള്ളയ്ക്ക് സന്തോഷമായി.അബ്ദുള്ള ഗുഹയുടെ പുറത്തേക്ക് വന്നു.അബ്ദുള്ള വലതു കണ്ണിൽ കൺമഷി എഴുതി അപ്പോൾ ഒരു ചാക്ക് നിറയെ പണം.അബ്ദുള്ള അങ്ങനെ ഒരുപാട് പ്രാവശ്യം എഴുതി അയാൾ എത്ര പ്രാവശ്യം എഴുതിയോ അത്രയും ചാക്ക് പണം കിട്ടി.അബ്ദുള്ള ചിന്തിച്ചു ഇനി ഇടതു കണ്ണിൽ എഴുതിയാൽ ഇതിലും പത്തിരട്ടി പണം ലഭിക്കും എന്നു കരുതി എഴുതിയപ്പോൾ അയാളുടെ രണ്ടു കണ്ണിന്റെയും കാഴ്ച്ച നഷ്ടപ്പെട്ടു.അബ്ദുള്ള ചിന്തിച്ചു കാഴ്ച്ചയും പോയി പണവും പോയി വേണ്ടായിരുന്നു.

ഇതിൽ നിന്നും പഠിക്കേണ്ട ഗുമാന്ത്രിക കണ്ണാടിണപാഠം എന്തെന്നാൽ അത്യാഗ്രഹം ആപത്ത്.

# മാന്ത്രിക കണ്ണാടി



ഗ്രാനഡ എന്ന രാജ്യത്തെ രാജാവ് ചെറുപ്പക്കാരനായിരുന്നു."അങ്ങ് ഒരു വിവാഹം കഴിക്കണം ",കൊട്ടാരം ക്ഷ ുരകൻ ഒരിക്കൽ രാജാവിനോട് പറഞ്ഞു.കൊട്ടാരത്തിൽ രാത്രി കാവൽക്കാരനും അതു തന്നെ ആവശ്യപ്പെട്ടു."പ്രഭോ,അങ്ങേക്കു വേണ്ടി നല്ലൊരു യുവതിയെ കണ്ടുപിടിക്കാൻ ഭടന്മാരോട് കല്പിച്ചാലും....."

രാജ്യത്തെ മ ുത്തശിമാരെ രാജാവിന് വലിയ ഇഷ്ടമാണ്.ഏറ്റവും പ്രായ ക ൂടിയ മുത്തശിയോട് രാജാവ് തിരക്കി."എന്റെ വിവാഹക്കാര്യത്തെപ്പറ്റി മുത്തശി എന്ത് പറയുന്നു?""നല്ല സ്വഭാവവും കാര്യപ്രാപ്തിയുമുള്ള യുവതിയെ വേണം അങ്ങ് ഭാര്യ ആക്കുവാൻ",മുത്തശ്ശി അറിയിച്ചു.അതു ശരിയാണെന്നു  രാജാവിന് മനസിലായി.

യുവതികളുടെ സ്വഭാവവും കാര്യപ്രാപ്തിയും മനസിലാക്കാൻ ഒരു വിദ്യ പ്രയോഗിക്കാം... രാജാവ് തീരുമാനിച്ചു.അദ്ദേഹം അന്യരാജ്യത്തുനിന്നും രഹസ്യമായി ഒരു കണ്ണാടി വരുത്തി.അത് കൊട്ടാരത്തിനുമുന്നിൽ വെപ്പിച്ചു.എന്നിട്ട് ഭടന്മാരോട് പറഞ്ഞു."ഇതൊരു മാന്ത്രിക കണ്ണാടിയാണ്".എന്തെങ്കിലും ചീത്ത സ്വഭാവമുള്ള

യുവതികൾ ഈ കണ്ണാടിയിൽ നോക്കിയാൽ അതിൽ നിറയെ കറുത്ത പാടുകൾ വരും....നല്ല സ്വഭാവമുള്ള യുവതി നോക്കിയാൽ കണ്ണാടിക്കു ഒന്നും സംഭവിക്കില്ല.നമ്മുടെ രാജ്ഞിയാകാൻ താല്പര്യമുള്ള ഈ രാജ്യത്തെ യുവത്തികൾ ഒ◌ാരോത്തരായി വന്നു ഈ കണ്ണാടിയിൽ നോക്കാൻ നാമിതാകല്പിക്കുന്നു."കല്പന രാജ്യം മുഴവൻ വിളംബരം ചെയ്യു".

ഭടന്മാർ രാജ്യകല്പന നാട്ടിലെല്ലായിചത്തും വിളംബരം ചെയ്തു.യുവതികൾ അതുകേട്ട് ആദ്യം സന്തോഷം.എന്നാൽ തെറ്റ് ചെയ്തിട്ടുള്ളവർ നോക്കിയാൽ കണ്ണാടിയിൽ കറുത്ത പാടുക്കൾ വരുമെന്നറിഞ്ഞു അവർ പേടിച്ചു."രാജ്ഞിയാകാൻ പോയി ക◌ുഴപ്പത്തിൽ ചെന്നു ചാടേണ്ട.അറിഞ്ഞോ അറിയാതെയോ ചെറിയ തെറ്റെങ്കിലും ചെയ്തിട്ടുണ്ടാകും",അവരാരും കൊട്ടാരത്തിലേക്കു പോയില്ല.

യ◌ുവതികളെ കാത്തിരുന്നുരാജാവ് മടുത്തു."നമ്മുടെ രാജ്യത്തപ്പോൾ തെറ്റുചെയ്യാത്ത ഒരു യുവതി പോലുമില്ലേ ?"അദ്ദേഹം ഭടന്മാരോട് തിരക്കി.ഭടന്മാർ അക്കാര്യം നാട്ടുകാരോടെല്ലാം ചോദിച്ചു.അതറിഞ്ഞ യ◌ുവാക്കൾ പ്രഖ്യാപിച്ചു."എങ്കിൽ ഞങ്ങൾക്കും ഈ നാട്ടിൽ നിന്ന് പെണ്ണു വേണ്ട".രാജ്യത്തെ യ◌ുവതികൾക്കെല്ലാം അതുകേട്ട് പരിഭ്രമമായി.

ഭടന്മാർ അടുത്തുള്ള
ആട്ടിടയ ഗ്രാമത്തിലും ഈ വിളംബരം
നടത്തി.അവിടയുള്ള ഒരു യ ുവത്തി ഭടന്മാരോട്
പറഞ്ഞു."കൊട്ടാരത്തിലെ കണ്ണാടിയിൽ നോക്കാൻ
എന്നിക്ക് ആഗ്രഹമുണ്ട്".ഭടന്മാർ അവരെ
കൊട്ടാരത്തിലേക്ക് കോണ്ടുപോയി.കൊട്ടാരത്തിലെത്തിയ
ആട്ടിടയസ്ത്രീയെ കണ്ട് എല്ലാവരും ചിരിച്ചു.

"ഇവൾ നോക്കിയാൽ
കണ്ണാടിയാകെ കറുത്തു പോകും
ഹി....ഹി.."അതോന്നും ക ൂട്ടാതെ യുവതി നേരെ
കണ്ണാടിയുടെ മുന്നിലെത്തി.അത്ഭുതം!കണ്ണാടിയിൽ ഒരു
കറുത്ത പാടുപോലും ഉണ്ടായില്ല.

അതുകൊണ്ട് രാജാവ് നേരിട്ട്
അങ്ങോട്ട് വന്നു.രാജാവിനെ കണ്ട് വണങ്ങിയിട്ട് സ്ത്രീ
പറയാൻ തുടങ്ങി.ചെറിയൊരു തെറ്റെങ്കിലും ചെയ്യാത്തവർ
ഈ ഭ ൂമിയിൽ കാണില്ല,പ്രഭോ.അത്തരം തെറ്റുകൾ
ഞാനും ചെയ്തിട്ടുണ്ട്.അതുകൊണ്ട് കണ്ണാടിയിൽ
പാടുകൾ വന്നാലും എനിക്ക് ഭയമില്ല.യുവതി ഏത്രയും
പറഞ്ഞിട്ട് രാജാവിനെ നൊക്കി.രാജാവ് ചിരിച്ചുകൊണ്ട്
അറിയിച്ചു."ഞാൻ ഉദ്ദേശിച്ച സ്വഭാവഗുണവും
കാര്യപ്രാപ്തിയും നിനക്ക് ഉണ്ട്.ഇങ്ങനെയൊരു
യുവതിയെ കണ്ടെത്താനാണ് ഈ സാധാരണ കണ്ണാടി
കൊണ്ട് വച്ച് മാന്ത്രിക കണ്ണാടിയെന്ന് ഞാൻ
പറഞ്ഞത്".രാജാവിന്റെ ബുദ്ധിയിൽ എല്ലാവർക്കും

മത്പ്പുതോന്നി.വൈകാതെ അദ്ദേഹത്തിന്റെ വിവാഹം ആർഭാടമായി നടന്നു.

ഗുണപാഠം: ബുദ്ധിയുള്ളവർക്ക് ഏതു പ്രതിസന്ധിയും നേരിടാൻ കഴിയും

-ദേവിക രാജീവ്

# നിശീഥിനിയുടെ ലാവണ്യം



-പവിത്ര കെ ദാസ്

# യാത്രവിവരണം

എന്റെ ആദ്യത്തെ ട്രെയിൻ യാത്രാനുഭവത്തെക്കുറിച്ച് പറയുവാൻ ഞാനാഗ്രഹിക്കുന്നു.ഓർമ്മ വച്ച നാൾ മുതലുള്ള ആഗ്രഹമായിരുന്നു.പക്ഷെ ഒരിക്കൽ പോലും അതിനു സാധിച്ചിട്ടില്ലായിരുന്നു.

പണ്ട് ഉമ്മിച്ചിയുടെ വീട്ടിൽ പോകുമ്പോഴെല്ലാം പാളത്തിലൂടെ ചീറിപ്പാഞ്ഞു പോകുന്ന ട്രെയിനിനെ അത്ഭുതത്തോടെ നോക്കി നിന്നിട്ടുണ്ട്.പിന്നെ മണപ്പുറത്ത് ശിവരാത്രിക്ക് പോകുമ്പോൾ പുഴയുടെ നടുവിലൂടെ പാളത്തിലൂടെ പോകുന്ന തീവണ്ടിയുടെ കാഴ്ച മനസ്സിൽ മായാതെ കിടപ്പുണ്ടായിരുന്നു.കൂട്ടുകാര് പലരും ട്രെയിനിൽ കയറിയ കഥകൾ പറയുമ്പോൾ ഉള്ളിൽ എന്നും കൊതിയും അസൂയയും തോന്നുമായിരുന്നു.ചെറുപ്പത്തില്.

ഒരിക്കൽ എന്റെ ആ ആഗ്രഹത്തിന് അറുതി വന്നു.ഒരിക്കൽ    വാപ്പിച്ചിയും ഉമ്മിച്ചിയും എന്നെയും കൂട്ടി ചാവക്കാട് പോകുവാൻ തീരുമാനിച്ചു.സ്റ്റേഷനിലേക്ക് പോകുന്ന വഴിയാണ് ഞങ്ങൾ   ട്രെയിനിനാണ് പോകുന്നത് എന്ന് ഞാനറിയുന്നത്.അത് അറിഞ്ഞപ്പോൾ ഞാൻ ആഹ്ലാദപരിദയായി. ട്രെയിൻ പുറത്ത് നിന്ന് കണ്ടിട്ടുണ്ട് എന്നല്ലാതെ അകത്തേക്ക് ആദ്യമായി കയറുകയാണ്.ഞങ്ങൾ വൈകിയാണ് സ്റ്റേഷനിൽ എത്തിയത്. ട്രെയിൻ പോയിക്കാണുമോ എന്ന് വാപ്പിച്ചി

ചോദിച്ചപ്പോൾ എനിക്ക് സങ്കടം തോന്നി.കൗണ്ടറിൽ ചോദിച്ചപ്പോൾ 10 മിനിറ്റ് കൊണ്ടും വരും എന്ന അറിയിപ്പ് കിട്ടി.അങ്ങനെ ടിക്കറ്റ് എല്ലാം എടുത്തു.ഞങ്ങൾ പ്ലാറ്റ്ഫോമിലേക്ക് പോയി.സ്വപ്നമാണോ സത്യമാണോ എന്നറിയാൻ പറ്റാത്ത അവസ്ഥയിലായി ഞാൻ.അൽപ്പ നേരത്തെ കാത്തിരിപ്പിന് ഒടുവിൽ ഞങ്ങൾക്ക് പോകാനുള്ള ട്രെയിനിന്റെ അറിയിപ്പു വന്നു.പാളത്തിലൂടെ നോക്കിയപ്പോൾ കാണാം ചുവന്ന പ്രകാശത്തെ കടന്ന് ചൂളം വിളിച്ചു വരുന്ന തീവണ്ടി.അതെ ഞാനാദ്യമായി ഒരു തീവണ്ടി അടുത്ത് കാണുകയാണ്.ഒന്നു കയറാൻ ഞാനെത്ര ആഗ്രഹിച്ചിട്ടുണ്ടെന്നോ.തീവണ്ടി വന്നു നിർത്തി.എന്നെ ഉമ്മച്ചി കൈപിടിച്ചു കയറ്റി.വലിയ തിരക്കുണ്ടായിരുന്നില്ല ട്രെയിനിൽ.ഞാൻ ജനാല സീറ്റിലാണ് ഇരുന്നത്.അങ്ങനെ ട്രെയിൻ മുന്നോട്ട് കുതിച്ചു.ജനലിലൂടെ എന്റെ പിന്നിലേക്ക് കുതിച്ചു പായുന്ന ഓരോ കാഴ്ചകളും ഞാനൊരുപാടാസ്വദിച്ചു.പച്ചപ്പ് നിറഞ്ഞ പാടങ്ങൾ , പുൽതകിടുകൾ,അരുവികൾ,വൃക്ഷക്കൂട്ടങ്ങൾ ഇവയെല്ലാം ഞാനൊരുപാടാസ്വദിച്ചു.ഒരു ൻ വയസ്സുകാരിയുടെ എല്ലാ നിഷ്കളങ്കതയോടു കൂടിയും ഓരോ സംശയങ്ങളും ഞാൻ ചോദിച്ചറിഞ്ഞു.ഞങ്ങൾ ചാവക്കാട് പോയി തിരിച്ചുവന്നപ്പോൾ ഒരുപാട് രാത്രിയായി.പിന്നീട് ഞാൻ പലപ്പോഴും ട്രെയിനിൽ യാത്രചെയ്തിട്ടുണ്ടെങ്കിലും ആദ്യത്തെ ആ യാത്ര ഒരിക്കലും മറക്കാൻ

കഴിയാത്തതാണ്.ആ യാത്രയുടെ സുഖവും സന്തോഷവും മനസ്സിൽ ഇന്നും മായാതെ കിടക്കുന്നു.

# കടങ്കഥകൾ

അച്ഛൻ തന്ന കാളയ്ക്കു കൊമ്പ്

-കിണ്ടി

അടുക്കള കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ

-അടുപ്പ്

അമ്മ കിടക്കും മകളോട്ടും

-അമ്മിക്കല്ലും കുഴവിയും

ആനയെ കാണാൻ വെളിച്ചമുണ്ട് ബീഡികത്തിക്കാൻ

തീയില്ല

-ടോർച്ച്

ഊതിയാലണയില്ല ,മഴയത്തുമണയില്ല ,

എണ്ണകൂടാതീ വിളക്കുകത്തും

**-ഇലക്ട്രിക് ബൾബ്**

കട കട കുട്ടു കുട്ടു നടുവിലൊരു പാതാളം

-ആട്ടുകല്ല്

കാട്ടിലെ മരം നാട്ടിലെ കണക്കപ്പിള്ള

-നാഴി

**കാലിൽമേൽ കണ്ണുള്ളോൻ,വായിൽ പല്ലില്ലാത്തോൻ**

-കത്രിക

-ഭരത് കൃഷ്ണ.സി.ജെ

# കൊച്ചു പൂവ്

ഇത്തിരിപ്പൂവേ ചുവന്ന പൂവേ
ഇത്രനാളെങ്ങു നി പോയി പൂവേ
മണ്ണിനടിയിലൊളിച്ചിരുന്നോ?
മറ്റുള്ളപൂക്കളെക്കാത്തിരുന്നോ?
വന്നതു നന്നായി,തെല്ലുനേരം
വല്ലതും പാടികളിക്കാം സൈര്വം
ചെമ്മേറുമീയുടുപ്പാരു തന്നു?
ചെച്ചിക്കൊന്നമ്മവയ്ക്കാനേതോന്നു
കാറ്റടിച്ചോമന വൂണീടൊല്ലാ
കാലത്തെ വെയിലേറ്റു വാടിടല്ലേ

-അലൻ ഷാജി

# പ്രകൃതിയുടെ മഴ

മഴ മഴ തുള്ളി മഴ
പ്രകൃതിയുടെ സൗന്ദര്യമുള്ള മഴ
പ്രകൃതിയമ്മ മാറോട് ചേർക്കുന്ന മഴ
പ്രകൃതിയിലെ കിളുകൾക്ക ദാഹജലമാണ് മഴ
വിരിഞ്ഞു നിൽക്കും പുല്ലുകളിൽ നാറുമണമാണ് മഴ
വറ്റുന്ന നദികൾക്ക് നിധിയണ് മഴ
മയിലിന്റെ ഉള്ളിൽ സന്തോഷത്തിന്റെ നൃത്തമാടുന്ന മഴ
അരുവികൾ താളാത്തിൽ പോകുന്ന മഴ
മലയുടെ മുകളിൽ പെയ്യുന്ന മഴ
ലോകത്തിലെ ജീവികൾക്ക് ദാഹജലമാണി മഴ
മഴയുടെ  പൊയ്യലിൽ പ്രകൃതി ചിരിക്കുന്ന മഴ
മഴ മഴ തുള്ളി മഴ

-

## മഴ

മഴ വരുന്നല്ലോ മഴ വരുന്നല്ലോ

പുഴകളും തോടുകളും ജലം നിറയുന്നല്ലോ

കാട്ടിൽ വാസികും മൃഗങ്ങകെല്ലാം വന്നല്ലോ

മഴ സർവ ജീവികൾക്കായി

വാടിനിൽക്കും ചെടിയ്ക്ക് സന്തോഷമായി

മഴ വരുമ്പോൾ മയിൽ പീലിവിടർത്തുന്ന

മയിലിന്റെ സൗന്ദര്യം കണ്ട് നിൽക്കാം

വരണ്ട് നിൽക്കുന്ന മണ്ണിന്റെ ഫലപ്രദം

പോകാതിരിക്കുവാൻ മഴയെ നീ വേണം

മഴ പെയിത്ത് കഴിയുമ്പോൾ

മനസ്സിന്റെ ഉള്ളിൽ ഒരു കുളിർ തന്നെ

മോഘങ്ങൾ കുട്ടിമുട്ടും നീമഴയെ  നാട്ടിൽ

സന്തൊഷമായിരിക്കു നീ മഴയെ

# പൂവും പൂമ്പാറ്റയും

എന്റെ മുറ്റത്ത് പൂവിരിഞ്ഞു

പൂമ്പാറ്റകാൾ പാറിവന്നു

മഞ്ഞയുണ്ട്  നീലയുണ്ട്

ചന്തമുള്ള പൂമ്പാറ്റകൾ

വെയിലുകൊണ്ട് പൂക്കൾവാടി

പൂന്തേൻ ഇല്ല പൂമണം ഇല്ല

പൂമ്പാറ്റകൾ പാറന്നു പോയി

-സ്വാത്തിക്ക് .പി. എസ്

# പുണ്യ നാട്

എത്ര മനോഹരമായ നാട്,

എനിക്കു ജന്മം നൽകിയ നാട്,

മഹാന്മാരുടെ നാട്,

കേരളം എന്ന പുണ്യ നാട്.

ഔഷധ ഗുണങ്ങളുടെ നാട്,

ശ്രീ നാരായണ ഗുരുവിൻ നാട്,

ദൈവത്തിൻ സ്വന്തം നാട്,

കേരളം എന്ന പുണ്യ നാട്.

# വരയുടെ മാന്ത്രിക വിദ്യ



-അഷ്ടമി വി വിനീഷ്

# എന്റെ ഭാഷ

മിണ്ടി തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേല്ലമ്മിഞ്ഞപ്പാലിനോപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ സമ്മേളി-
ച്ചിടുന്നതൊന്നാമതായ് മറ്റുള്ള ഭാഷകൾ കേവലം
ധാത്രിമാർ മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ

മാതാവിൻ വാത്സല്യദുഗദ്ധംനുകർന്നാലെ
പൈതങ്ങൾ പൂർണ വളർച്ചനെടു
അമ്മതൻ തന്നെ പകർന്നു തരുമ്പോഴെ
നമ്മൾക്കമൃതായ്ത്തനു എതൊരു വേദവുമേതോരു
ശാസ്ത്രവും ഹൃദയത്തിൽ പതിയണമെങ്കിൽ
സ്വഭാഷതൻ വക്തത്രിൽ നിന്നു താൻ കേൾക്കണം

# ഒരു കുടയും കുഞ്ഞിപെങ്ങളും

വായനക്കുറിപ്പ്

ചേട്ടനും അനിയത്തിയും തമ്മിലുള്ള സ്നേഹബന്ധത്തെ ലളിതമായി എന്നാൽ ഹൃദയസ്പർശിയായും അവതരിപ്പിക്കുന്ന
ശ്രീ വർക്കിയുടെ മനോഹരമായ നോവലാണ് 'ഒരു കുടയും കുഞ്ഞ് പെങ്ങളും' അമ്മയും അച്ഛനും ഇല്ലാത്ത സഹോദരങ്ങളായിരുന്നു ബേബിയും ലില്ലിയും. ഇരുവരുടെ സ്നേഹബന്ധത്തിന്റെ കലർപ്പില്ലാത്ത ആവിഷ്ക്കാരമാണ് ഈ കഥയിലുനീളം കാണാനാകുന്നത്.അമ്മയും അച്ഛനും മരിച്ചതിനുശേഷം അമ്മയുടെ സഹോദരിയുടെ വീട്ടിൽ ആയിരുന്നു അവർ താമസിച്ചിരുന്നത്.ആ സ്ത്രീ ഇവരെ ഒരുപാട് തല്ലുമായിരുന്നു.

കലശലായ മഴ പെയ്യുകയായിരുന്നു ഒരു ദിവസം തന്റെ കുഞ്ഞുപെങ്ങൾ മഴ നനയുന്നത് കണ്ട ബേബി അവളോട് ഗ്രേസി എന്ന കുട്ടിയുടെ കുടയിൽ കയറിക്കോ താൻ ഓടി വന്നേക്കാം എന്ന് പറഞ്ഞ് ഓടിപ്പോയി.പക്ഷേ, ഗ്രേസി അവളെ കുടയിൽ കയറ്റിയില്ല.അവളായിരുന്നു ആ ഗ്രാമത്തിലെ പണക്കാരി.ഇതറിഞ്ഞ ബേബി ഗ്രേസിയുടെ നെറ്റിയിൽ കല്ലെറിഞ്ഞുകൊണ്ട് ബേബി തന്റെ അറിയിക്കുന്നു.പിന്നീട് പോലീസ് പിടിക്കുമെന്ന് ഭയന്ന് ആ 11വയസ്സുകാരൻ നാട് വിടാൻ പോകുന്നു.അതിന് മുമ്പ് ലില്ലിയോട് അനി

വരുമ്പോൾ തന്റെ കുഞ്ഞുങ്ങൾക്ക് ഒരു കുടയുമായിട്ടേ വരുകയുള്ളൂ എന്ന് പറയുന്നു.എന്നിട്ട് പോകുന്ന പട്ടണത്തിൽ അല്ലറ ചില്ലറ ജോലി ചെയ്ത് ഒരു കുട വാങ്ങാനുള്ള പണം സ്വരൂപിക്കാൻ തുടങ്ങി .പക്ഷെ കൂടെയുണ്ടായിരുന്ന ഒരു പയ്യൻ മോഷ്ടിക്കുന്നു.അപ്പോഴും ലില്ലിയെ പേരമ്മ തല്ലുന്നുണ്ടായിരുന്നു.
അത് സഹിക്കാനാകാതെ അവളും വീട് വിട്ട് ഇറങ്ങുന്നു.പക്ഷെ അവളെ ഒരു ഡോക്ടറും കുടുബവും രക്ഷിക്കുന്നു.എന്നിട്ട് അവളെ സ്വന്തം മകളെരാത്രിയിൽ ഫോർട്ടു കൊച്ചി ബീച്ച്പ്പോലെ വളർത്തുന്നു.ബേബി ഒരിക്കൽ സഹായിച്ച് സൗദാമിനി അവളെ സംരക്ഷിക്കാൻ തീരുമാനിച്ചു.തന്റെ അനുജനായി അവർ അവനെ വളർത്തി.
ലില്ലിയെയും ഡോക്ടറുടെ മകളെയും സംഗീതം പഠിപ്പിച്ചിരുന്നത് സൗദാമിനിയായിരുന്നു.അവസാനം ബേബിരാത്രിയിൽ ഫോർട്ടു കൊച്ചി ബീച്ചും ലില്ലിയും ഒന്നിക്കും.ബേബി വളർന്ന് ഒരു ഡോക്ടറാകുന്നു.ഒരു ദിവസം ഒരു യുവതി അവന്റെ അടുത്ത് ചികിത്സയ്ക്കെത്തുന്നു.ആ സ്ത്രീ വലിയ പാരിദോഷികം വാഗ്ദാനം ചെയ്തു.അപ്പോൾ അവൻ തനിക്ക് പണം വേണ്ടെന്നും ഒരു കുട അതിന്റെ പിടിയിൽ ഒരു കിളിയും വേണം എന്ന് പറഞ്ഞു.ആ ചികിത്സയ്ക്കെത്തിയ യുവതി ഗ്രേസി ആയിരുന്നു.

# മസിനഗുഡി  വഴി ഉൗട്ടിക്ക്

അസ്ലം ഒ.എയുടെ  വളരെ ശ്രദ്ധ നേടിയ മസിനഗുടിവഴി ഉൗട്ടിക്ക് എന്ന വീഡിയോ കണ്ടിട്ടാണ് ഞങ്ങളും കഴിഞ്ഞ അവധിക്കാലം  ബന്ദിപ്പൂർ-മൈസൂരിലേക്ക് യാത്ര തിരിച്ചത്. മൂന്ന് റിസർവ് ഫോറസറ്റിലൂടെയുള്ള മനോഹരമായ യാത്ര.ഒരു ദിവസം ബന്ദിപ്പൂരിലെ ടൈഗർ റിസർവിൽ താമസിച്ചു.മറ്റുദിവസങ്ങളൊക്കെ വളരെ നല്ല രീതിയിൽ ആസ്വദിച്ചു.തിരിച്ചു പോരുന്ന ദിവസം ഉൗട്ടിക്കു കൂടി പോയാലൊ എന്ന് തീരുമനിച്ചു.പിറ്റേദിവസം  രാവിലെ താമസസ്ഥലത്തുനിന്നും ഇറങ്ങി.അവസാനം ഉച്ചയോടെ ഞങ്ങൾ മുതുമല എത്തി.അവിടെ നിന്നും മസിനഗുഡി വഴി ഉൗട്ടിയിലേക്ക് അതായിരുന്നു ഞങ്ങളുടെ തീരുമാനം.അങ്ങനെ അതിമനോഹരമായ മസിനഗുഡിയിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു.ബന്ദീപ്പൂരിനേക്കാളും മുതുമല കാടിനേക്കാളും അതിമനോഹരമാണ് മസിനഗുഡി.ആ കാടിന്റെ ഭംഗി വളരെ നന്നായി ആസ്വദിക്കാൻ സാധിച്ചെങ്കിലും മൃഗങ്ങളെ ഒന്നും തന്നെ കണ്ടില്ല. എങ്കിലും ഊട്ടിയിൽ എത്താം എന്ന സന്തോഷത്തിൽ യാത്ര തുടർന്നു.30കിലോമീറ്ററും 36ഹെയർപ്പിൻ വളവുകളുമുള്ള കല്ലടി പുരം കയറി തുടങ്ങി.ചുരം കയറിയപ്പോൾ തന്നെ വാഹനത്തിന് എന്തോ പ്രശ്നം

ഉണ്ടായിരുന്നെങ്കിലും ഞങ്ങൾ അത് ശ്രദ്ധിക്കാതെ മുന്നോട്ട് നീങ്ങി.അവസാനം 27മത്തെ വളവായപ്പോൾ വണ്ടി മുന്നോട്ട് നീങ്ങില്ല എന്ന അവസ്ഥയായി.അങ്ങനെ വണ്ടി വഴിയിൽ ഒതുക്കി നിർത്തി ഞങ്ങളെല്ലാവരും പുറത്തിറങ്ങി.അച്ഛൻ വണ്ടിക്ക് എന്താ പറ്റിയതെന്ന് പരിശോധിക്കുകയായിരുന്നു.ചെറിയ ചാറ്റൽ മഴയും ഉണ്ടായിരുന്നു.ഇത് ആദ്യമായാണ് യാത്രക്കിടയിൽ വണ്ടി കേടായ സംഭവം.ഇതും ഒരു അനുഭവമായിരുന്നു.കേരള രജിസ്ട്രേഷനിലുള്ള ഒരുപാട് വണ്ടികൾ കടന്നു പോയെങ്കിലും ആരും ശ്രദ്ധിച്ചില്ല.അവസാനം എന്തു ചെയ്യണമെന്ന് അറിയാതെ നിൽക്കുമ്പോഴാണ് ചുരം ഇറങ്ങി വന്ന ഒരു തമിഴ്നാട്  രജിസ്ട്രേഷൻ വണ്ടി ഞങ്ങളെ കണ്ടിട്ട് വണ്ടി ഒതുക്കി നിർത്തി ഒരാൾ കാറിൽ രാത്രിയിൽ ഫോർട്ടു കൊച്ചി ബീച്ച്നിന്നും ഇറങ്ങി വന്ന് ഞങ്ങളോട് കാര്യമന്വേഷിച്ചു.അയാളും കഴിയുന്നത്ര വണ്ടി ശെരിയാക്കാൻ നോക്കിയെങ്കിലും സാധിച്ചില്ല.ആ സമയത്തൊക്കെയും അതുവഴി കടന്നുപോയ വാഹനങ്ങളും നിർത്തി അയാളോട് സംസാരിക്കുന്നുണ്ടായിരുന്നു ഒടുവിൽ ഒരു പോലീസ്ഒടുവിൽ ഒരു പോലീസ് വാഹനവും നിർത്തി അദ്ദേഹത്തോട് സംസാരിച്ചു.ഞങ്ങളുടെ വണ്ടിയുടെ നമ്പറും മറ്റും അവർ എഴുതിയെടുത്തു.എന്തായാലും വണ്ടി അവിടെ നിന്നും അനക്കാൻ പറ്റില്ലെന്ന് എനിക്ക് മനസിലായി.അദ്ദേഹം ഒരു മെക്കാനിക്കിനെ ഒപ്പിച്ചു തരാം എന്ന് പറഞ്ഞു.പക്ഷേ

മെക്കാനിക്ക് ഇവിടെ എത്തുമ്പോഴേക്കും സമയം ആകുന്നതുകൊണ്ട് അദ്ധേഹത്തിന്റെ കൂടെ താഴേക്ക്  ചുരം ഇറങ്ങാമെന്നും അവർ വരുമ്പോഴേക്കും മാറിക്കയറിയാൽ മതിയെന്നും പറഞ്ഞു.അങ്ങനെ ഞങ്ങൾ ചുരമിറങ്ങി.അദ്ധേഹത്തിന്റെ മകളും കാറിലുണ്ടായിരുന്നു.സംസാരത്തിൽ നിന്നും മനസിലായി അദ്ധേഹം അവിടത്തെ പഞ്ചായത്ത് സെക്രട്ടറിക്ക് തുല്യമായ സ്ഥാനം വഹിക്കുന്ന ഒരാളാണ്.ഊട്ടി ഫ്ലവർഷോ സമയത്തുള്ള തിരക്കു നിയന്ത്രിക്കാൻ കളക്ടറും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത മീറ്റിങ്ങിൽ നിന്നും മടങ്ങി വരുകയായിരുന്നു അദ്ധേഹം.ചെറിയ പ്രായത്തിൽ അദ്ധേഹം മലപ്പുറത്തുണ്ടായിരുന്നു എന്നാൽ പഠിച്ചു വളർന്നതൊക്കെ തമിഴ്നാട്ടിലും.അദ്ധേഹത്തോടോപ്പം പോകുന്ന സമയത്ത് വഴിയരികിൽ ഒരു വലിയ കറുത്ത കരടി വഴി മുറിച്ചു കടക്കാൻ വേണ്ടി കാത്തു നിൽക്കുന്നത് കണ്ടു .കരടികളെ വളരെ അപൂർവമായാണ് കാണാൻ സാധിക്കുന്നത് എന്നും നിങ്ങൾക്ക് ഭാഗ്യമുണ്ട് എന്നും അദ്ദേഹം ഞങ്ങളോട് പറഞ്ഞു.അവസാനം ജീപ്പിൽ ഡ്രൈവറും മെക്കാനിക്കും എത്തി ഞങ്ങൾ ജീപ്പിലോട്ട് മാറിക്കയറി.വീണ്ടും തിരിച്ച് കാട്ടിലൂടെ ഒരു ജീപ്പ് യാത്ര. വീണ്ടും മസിനഗുഡി വഴി കല്ലട്ടി ചുരത്തിലേക്ക് ഒരു യാത്ര കൂടി.പിന്നീടുള്ള കാഴ്ചകൾ അപ്രതീക്ഷിതവും അതിമനോഹരവുമായിരുന്നു.വഴിയരികിൽ നിറച്ചും

മാൻകൂട്ടങ്ങളും കാട്ടുപോത്തുകളും.ചില കാട്ടുപോത്തിന്റെ കൂടെ അതിന്റെ കുഞ്ഞും ഉണ്ടായിരുന്നു.പിന്നെ മയിലുകളും കുരങ്ങൻമാരും മരത്തിലും വഴിയരികിലുമൊക്കെയായി നിൽക്കുന്നുണ്ടായിരുന്നു.കുറച്ചുകൂടി മുന്നോട്ട് പോയപ്പോൾ  കണ്ടത് ആനകളുടെ കൂട്ടം നടന്നു വരുന്നതാണ് അവ റോഡിലൂടെ കുറച്ചു മുന്നോട്ട് നടന്നതിനുശേഷം കാടിനുള്ളിലേക്ക് കയറിപ്പോയി.കുട്ടിയാനകളും ഉണ്ടായിരുന്നു ആ കൂട്ടത്തിൽ.പിന്നെ രണ്ട് കൊമ്പനാനകളെ കണ്ടു.ഞങ്ങൾ ജീപ്പ്  കുറച്ച്  പുറകിലോട്ട് എടുത്തതിനുശേഷം അവ കാട്ടിലേക്ക് മാറിയപ്പോഴാണ് വീണ്ടും പുറപ്പെട്ടത്. ഇതുപൊലെ എല്ലാ മൃഗങ്ങളെയൊന്നും എല്ലാവർക്കും കാണാൻ അവസരം കിട്ടാറില്ല എന്ന് ഡ്രൈവർ ഞങ്ങളോട് പറഞ്ഞു. കൂടാതെ കാശു ചിലവാക്കി കാട്ടിനുള്ളിലേക്ക് ട്രക്കിങ്ങിന് പോകേണ്ട ആവശ്യം ഞങ്ങൾക്ക് വന്നില്ല. എല്ലാ മൃഗങ്ങളും റോഡിനരികിൽ തന്നെ ഉണ്ടായിരാത്രിയിൽ ഫോർട്ടു കൊച്ചി ബീച്ചുന്നു. സന്ധ്യയായതുകൊണ്ടുതന്നെ റോഡിൽ അധികം വണ്ടികളൊന്നും കണ്ടില്ല. അങ്ങനെ ഇത്തിരി ഇരുട്ടിയപ്പോഴേക്കും ഞങ്ങൾ കാറിനടുത്ത് എത്തി. അച്ഛനും മെക്കാനിക്കും കൂടി കാറിൽ കയറി ഞാനും അമ്മയും അനിയത്തിയും ജീപ്പിലും. അങ്ങനെ ഞങ്ങൾ വീണ്ടും ഹെയർപ്പിൻ വളവുകൾ ഇറങ്ങി. അപ്പോഴേക്കും രാത്രിയായിരുന്നു. പോകുന്ന വഴിക്ക് നിഴലുകൾ പോലെ

ര ൂപങ്ങളും വെള്ളകൊമ്പുകൾ മാത്രം കാണാൻ സാധിച്ചുള്ളൂ.അവർ തന്നെ ഞങ്ങൾക്ക് താമസിക്കാൻ ഒരു റിസോർട്ട് ഒപ്പിച്ചു തന്നു. വണ്ടി ശരിയാക്കാൻ കുറച്ചുദിവസം എടുക്കുമെന്ന് മെക്കാനിക്ക് പറഞ്ഞു. രാത്രി ഒരു ദിവസം അവിടെ തങ്ങിയതിനു ശേഷം പിറ്റേദിവസം വെളുപ്പിന് തന്നെ ഞങ്ങൾ തിരിച്ചുയാത്രയിൽ ഫോർട്ടു കൊച്ചി ബീച്ച് ബസ്സിന് പുറപ്പെട്ടു. ഇടയ്കൊക്കെ അച്ഛനെ സാറ് വിളിച്ച് വിവരങ്ങളൊക്കെ അന്വേഷിക്കും. ഞങ്ങളെ കാറ് കേടായപ്പോൾ സഹായിക്കാൻ മനസ്സുകാണിച്ച ആ സാറിനെയും, താമസിക്കാൻ സ്ഥലം ഒരുക്കിതന്ന ഡ്രൈവറെയും ഞാൻ ഇന്നും ഒ ാർക്കുന്നു. കാറ് അന്ന് കേടായില്ലായിരുന്നെങ്കിൽ എനിക്ക് ഇത്ര മനോഹരമായ കാഴ്ചകൾ കാണാൻ സാധിക്കില്ലായിരുന്നു.

# പ്രകൃതിയുടെ സൗന്ദര്യം



-മെൽവിൻ

## കഴിഞ്ഞ അധ്യയന വർഷം-ഞങ്ങളുടെ വിദ്യാലയം



# രാത്രിയിൽ ഫോർട്ടു കൊച്ചി ബീച്ച്

ഒരു ദിവസം രാത്രി ഫോർട്ടു കൊച്ചി ബീച്ചിലേക്ക് പോകാൻ ഒരുങ്ങി.ഞങ്ങൾ നാലുപേരുമാണ് പോകുലന്നത്.ഫോർട്ടു കൊച്ചിയിൽ എത്തിയപ്പോൾ കുറേ ചീനവലകളും കണ്ടു.അവിടന്ന് ബീച്ചിൽ എത്തി എന്നാൽ,എനിക്ക് ഇറങ്ങാൻ പറ്റിയില്ല.കാരണം രാത്രിയിൽ ഫോർട്ട് കൊച്ചി ബീച്ചിൽ ഒഴുക്ക് കൂടുതലാണ്.ഏത് സമയവും ഒഴുകിപോകാം.രാത്രി ഇറങ്ങാൻ പറ്റിയില്ലാ എങ്കിലും അവിടത്തെ ഇരുട്ടും, തിരമാലകളുടെ ശബ്ദവും,ആൾത്തിരക്കും കണ്ട് അറിയാൻ പറ്റി.എന്റെ യാത്രാനുഭവത്തിൽ ആദ്യമായാണ് ഞാൻ ഇത്ര നല്ല ബീച്ച് കണ്ടത് അതും രാത്രിയിൽ ഞാൻ പറഞ്ഞുകേട്ടിണ്ട് സന്ധ്യാസമയമാന്ത്രിക കണ്ണാടിത്താണ് കാണാൻ ഭംഗി.

നന്ദി

ഈ സാഹിത്യ യാത്രയുടെ അവസാന അധ്യായത്തിലെത്തുമ്പോൾ, ഈ താളുകളിൽ എഴുതിയ കഥകളും പഠിച്ച പാഠങ്ങളും ഓർമ്മകളും നമുക്ക് വിലമതിക്കാം. നമ്മുടെ സമൂഹത്തെ നിർവചിക്കുന്ന സർഗ്ഗാത്മകതയുടെയും ബുദ്ധിയുടെയും കൂട്ടായ ചൈതന്യത്തിന്റെ തെളിവായി ഞങ്ങളുടെ സ്കൂൾ മാഗസിൻ നിലകൊള്ളുന്നു.

വാക്കുകൾ നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും നിലനിൽക്കട്ടെ, പ്രചോദനത്തിന്റെയും സൗഹൃദത്തിന്റേയും വറ്റാത്ത ഉറവിടമായി വർത്തിക്കട്ടെ. അടുത്ത പതിപ്പിൽ വീണ്ടും കണ്ടുമുട്ടുന്നത് വരെ, നമ്മെയെല്ലാം ഒന്നിപ്പിക്കുന്ന അറിവിന്റെ സൗന്ദര്യം പര്യവേക്ഷണം ചെയ്യുക, കണ്ടെത്തുക, പങ്കിടുക.

ഈ സമ്പന്നമായ യാത്രയുടെ ഭാഗമായതിന് നന്ദി.